**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1692** **08-12-2022 - ൽ മറുപടിയ്ക്ക്**

**മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും വകുപ്പുകളിൽ നടപ്പിലാക്കിയ പദ്ധതികളുടെ നിലവിലെ സ്ഥിതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യബന്ധനം ,ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി ലഭ്യമാക്കാമോ? | (എ) | ഈ സർക്കാർ അധികാരമേറ്റ ശേഷം മത്സ്യബന്ധനം, ഹാർബർ എഞ്ചിനീയറിംഗ് എന്നീ വകുപ്പുകളിൽ അനുവദിച്ചതും നടപ്പിലാക്കിയതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി അനുബന്ധം ആയി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

**<u>അനുബന്ധം 1</u>**

1. **<u>ഉൾനാടൻ മേഖല</u>**

ഈ സർക്കാർ അധികാരമേറ്റശേഷം ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി പദ്ധതിക്കായി 98 കോടി രൂപയുടെ ഭരണാനുമതി നൽകുകയും ആയതനുസരിച്ച് 20 ഇനം മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കി.

a. <u>സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി 2021-22</u>

| ക്രമ. നം. | മത്സ്യകൃഷി രീതി | കൈവരിച്ച നേട്ടം ഹെക്ടർ/ യൂണിറ്റ് |
|---|---|---|
| 1 | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി | 1324.24 ഹെക്ടർ |
| 2 | സ്വകാര്യ കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 2784.03 ഹെക്ടർ |
| 3 | പൊതു കുളങ്ങളിലെ വിശാല കാർപ്പ് മത്സ്യകൃഷി | 1382.53 ഹെക്ടർ |
| 4 | ഒരു നെല്ലും ഒരു മീനും കൃഷി | 17501.09 ഹെക്ടർ |
| 5 | അർദ്ധ ഊർജ്ജിത ഓരു ജല മത്സ്യകൃഷി | 305.65 ഹെക്ടർ |
| 6 | ഓരു ജലത്തിലെ വിശാല മത്സ്യകൃഷി | 229 ഹെക്ടർ |
| 7 | ശാസ്ത്രീയ ചെമ്മീൻ കൃഷി | 155.91 ഹെക്ടർ |
| 8 | ഒരു നെല്ലും ഒരു ചെമ്മീനും കൃഷി | 353.9 ഹെക്ടർ |
| 9 | ഞണ്ട് കൃഷി/കൊഴുപ്പിക്കൽ | 28.5 ഹെക്ടർ |
| 10 | പടുതാകുളത്തിലെ ഊർജിത ശുദ്ധജല മത്സ്യകൃഷി | 4204 യൂണിറ്റ് |
| 11 | ബയോഫ്ലോക്ക് കൃഷി (20 $m^3$) | 2090 യൂണിറ്റ് |
| 12 | ബയോഫ്ലോക്ക് കൃഷി (50 $m^3$) | 62 യൂണിറ്റ് v |
| 13 | ബയോഫ്ലോക്ക് കൃഷി (160 $m^3$) | 303 യൂണിറ്റ് |
| 14 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (50 $m^3$) | 224 യൂണിറ്റ് |
| 15 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (100 $m^3$) | 243 യൂണിറ്റ് |
| 16 | ശുദ്ധജലത്തിലെ കൂട്ട കൃഷി | 576 യൂണിറ്റ് |
| 17 | ഓരുജലത്തിലെ കൂട്ട കൃഷി | 1584 യൂണിറ്റ് |
| 18 | കല്ലുമ്മേക്കായ കൃഷി | 573 യൂണിറ്റ് |
| 19 | പിന്നാമ്പുറങ്ങളിലെ കരിമീൻ വിത്തുല്പാദനം | 168 യൂണിറ്റ് |
| 20 | പിന്നാമ്പുറങ്ങളിലെ വരാൽ വിത്തുല്പാദനം | 32 യൂണിറ്റ് |

ഇത്തരത്തിൽ വിവിധ മത്സ്യകൃഷി പദ്ധതികൾ നടപ്പിലാക്കിയതിലൂടെ 2020-21 സാമ്പത്തിക വർഷം 34,987 ടണ്ണായിരുന്ന മത്സ്യോൽപ്പാദനം 2021-22 സാമ്പത്തിക വർഷമായപ്പോൾ 37,521 മെട്രിക് ടണ്ണായി വർദ്ധിപ്പിക്കാൻ സാധിച്ചിട്ടുണ്ട്. 2022-23 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യ മേഖലയുടെ വികസനത്തിനായി സുഭിക്ഷ കേരളം ജനകീയ മത്സ്യകൃഷി പദ്ധതി മുഖേന 73.3973 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

b) സുഭിക്ഷകേരളം ജനകീയ മത്സ്യകൃഷി 2022-23 വഴി നടപ്പിലാക്കുന്ന പദ്ധതികൾ

| ക്രമ നം: | മത്സ്യകൃഷി രീതി | ഹെക്ടർ/ യൂണിറ്റ് |
|---|---|---|
| 1 | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി (നൈൽ തിലാപ്പിയ) | 150 ഹെക്ടർ |
| 2 | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി (ആസ്സാംവാള) | 150 ഹെക്ടർ |
| 3 | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി (വരാൽ) | 50 ഹെക്ടർ |
| 4 | അർദ്ധ ഊർജ്ജിത ശുദ്ധജല മത്സ്യകൃഷി (അനാബാസ്, ക്യാറ്റ് ഫിഷ്) | 50 ഹെക്ടർ |
| 5 | കാർപ്പ് മത്സ്യകൃഷി | 4850 ഹെക്ടർ |
| 6 | ഒരു നെല്ലും ഒരു മീനും കൃഷി | 12000 ഹെക്ടർ |
| 7 | ഒരു നെല്ലും ഒരു ചെമ്മീനും കൃഷി (ശുദ്ധജലം) | 400 ഹെക്ടർ |
| 8 | പടുതാകുളത്തിലെ വരാൽ മത്സ്യകൃഷി | 1610 യൂണിറ്റ് |
| 9 | പടുതാകുളത്തിലെ ആസ്സാംവാള മത്സ്യകൃഷി | 1455 യൂണിറ്റ് |
| 10 | പടുതാകുളത്തിലെ അനാബാസ് മത്സ്യകൃഷി | 435 യൂണിറ്റ് |
| 11 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (അനാബാസ്) | 40 യൂണിറ്റ് |
| 12 | റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം (തിലാപ്പിയ) | 480 യൂണിറ്റ് |
| 13 | ബയോഫ്ളോക്ക് കൃഷി (തിലാപ്പിയ) | 2100 യൂണിറ്റ് |
| 14 | ബയോഫ്ളോക്ക് കൃഷി (വനാമി) | 530 യൂണിറ്റ് |
| 15 | ശുദ്ധജലത്തിലെ കൂടു കൃഷി (തിലാപ്പിയ) | 465 യൂണിറ്റ് |
| 16 | കൂടിലെ കരിമീൻ കൃഷി | 1170 യൂണിറ്റ് |
| 17 | കൂടിലെ കടൽ മത്സ്യ കൃഷി | 275 യൂണിറ്റ് |
| 18 | കല്ലുമ്മേക്കായ കൃഷി | 1500 യൂണിറ്റ് |
| 19 | ഓയിസ്റ്റർ കൃഷി | 225 യൂണിറ്റ് |
| 20 | ഞണ്ട് കൃഷി | 25 ഹെക്ടർ |
| 21 | കുളങ്ങളിലെ പൂമീൻകൃഷി | 100 ഹെക്ടർ |
| 22 | കുളങ്ങളിലെ കരിമീൻ കൃഷി | 300 ഹെക്ടർ |
| 23 | കുളങ്ങളിലെ ചെമ്മീൻ കൃഷി | 200 ഹെക്ടർ |
| 24 | ഒരു നെല്ലും ഒരു ചെമ്മീനും കൃഷി | 200 ഹെക്ടർ |

2021-22 സാമ്പത്തിക വർഷം പ്രധാനമന്ത്രി മത്സ്യ സമ്പദ യോജന പദ്ധതിയിലുൾപ്പെടുത്തി 78.90 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികളായ ബയോഫ്ളോക്ക് മത്സ്യകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, ഓരുജല കൂട് കൃഷി, കുളങ്ങളിലെ ഓരുജലകൃഷി, പിന്നാമ്പുറങ്ങളിലെ അലങ്കാര മത്സ്യ റിയറിംഗ് യൂണിറ്റ്, സംയോജിത അലങ്കാര മത്സ്യങ്ങളുടെ റിയറിംഗ് യൂണിറ്റ് എന്നീ മത്സ്യ കൃഷി പദ്ധതികൾ നടപ്പിലാക്കി വരുന്നു. 2021-22 സാമ്പത്തിക വർഷം അഡാക്ക് വഴി 10.8180 കോടി രൂപയുടെ റിസർവോയർ വികസന പദ്ധതിയ്ക്കും കേന്ദ്ര സർക്കാരിന്റെ അംഗീകാരം ലഭ്യമാകുകയും ആയത് പ്രകാരം പദ്ധതി പ്രവർത്തനം പുരോഗമിച്ച് വരുന്നു. നടപ്പ് സാമ്പത്തിക വർഷം പി.എം.എം.എസ്.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി 35.24 കോടി രൂപ അടങ്കൽ തുക വരുന്ന വിവിധ മത്സ്യകൃഷി പദ്ധതികള് നടപ്പിലാക്കുന്നതിനുള്ള ഭരണാനുമതി ലഭ്യമായതനുസരിച്ച് പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.

മറ്റു പദ്ധതികളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | പദ്ധതിയുടെ പേര് | ഭരണാനുമതി തുക (ലക്ഷത്തിൽ) | വർഷം | നിലവിലെ സ്ഥിതി |
|---|---|---|---|---|
| 1 | Supply of water from Malampuzha reservoir to National Fish Seed farm Malampuzha | 38.18 | 2021-22 | പദ്ധതി പുരോഗമിക്കുന്നു |
| 2 | Aeration & Electrification of hun no. 6, 7 & 8 of Neyyardam | 95 | 2022-23 | പദ്ധതി അവസാന ഘട്ടത്തിൽ |
| 3 | Construction of fencing around fish seed farm, Pallam | 39.70 | 2022-23 | പദ്ധതി നടപ്പിലാക്കി വരുന്നു |
| 4 | Upgradation of Odayam fish hatchery | 99 | 2022-23 | പദ്ധതി നടപ്പിലാക്കി വരുന്നു |
| 5 | Establishment of Ornamental fish production unit at Ullanam, Malappuram | 21.5 | 2022-23 | പദ്ധതി പുരോഗമിക്കുന്നു |
| 6 | Development of ornamental fish culture | 28.925 | 2022-23 | പദ്ധതി നടപ്പിലാക്കി |

| | | | | |
|---|---|---|---|---|
| | unit at Neyyardam | | | വരുന്നു |
| 7 | Infrastructure Development at Pannivelichira fish farm | 85.50 | 2021-22 | പദ്ധതി നടപ്പിലാക്കി വരുന്നു |
| 8 | Borewell and filteration system at Kulathupuzha | 31 | 2021-22 | പൂർത്തീകരിച്ചു |
| 9 | Peninsular carp hatchery at Thalipuzha | 12.5 | 2021-22 | പദ്ധതി നടപ്പിലാക്കി വരുന്നു |
| 10 | Awareness for Kerala fish seed act 2014 implementation to 14 districts | 2.80 | 2021-22 | പൂർത്തീകരിച്ചു |
| 11 | Malampuzha Aquarium ActionPlan | 48 | 2021 22 | പൂർത്തീകരിച്ചു |
| 12 | Development of Ornamental Fisheries through KAVIL | 100 | 2022-23 | പദ്ധതി പുരോഗമിക്കുന്നു |
| 13 | Backyard Fish seed production unit | 430 | 2022-23 | പദ്ധതി പുരോഗമിക്കുന്നു |
| 14 | Aquatic Animal Health Surveillance and Management | 100 | 2021-22 | പദ്ധതി പൂർത്തീകരിച്ചു |
| 15 | Aquatic Animal Health Surveiiiance and Management 2021-22 | 100 | 2022-23 | പദ്ധതി പുരോഗമിക്കുന്നു |

1. ഉൾനാടൻ ജലായങ്ങളിലെ ആവാസ വ്യവസ്ഥ പരിപാലിച്ച് മത്സ്യസ്രോതസ്സ് നിലനിർത്തി മത്സ്യസംരക്ഷണ കേന്ദ്രങ്ങളും കക്ക സംരക്ഷണ കേന്ദ്രങ്ങളും സംരക്ഷിക്കുന്നതിനും കൂടാതെ അനധികൃതവും അശാസ്ത്രീയവുമായ മത്സ്യബന്ധന രീതികൾ ഇല്ലാതാക്കുന്നതിന് കായൽ പട്രോളിംഗ് കേരള ഉൾനാടൻ ഫിഷറീസ് അക്വാകൾച്ചർ ആക്ട് ഇവ നടപ്പാക്കുന്നതിന് 2021-22, 2022-23 വർഷങ്ങളിൽ 22 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. 2021-22 വർഷത്തെ പദ്ധതി ഫലപ്രദമായി നടപ്പാക്കിയിട്ടുണ്ട്.

2. ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുന്നതിനും മത്സ്യഉൽപാദനം വർദ്ധിപ്പിക്കുന്നതിനും പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 2021-22 വർഷം 300 ലക്ഷം രൂപയുടെ ഫിഷ് സ്റ്റോക്ക് എൻഹാൻസ്മെന്റ് (റാഞ്ചിംഗ്) പദ്ധതിക്ക് അനുമതി ലഭിക്കുകയും പദ്ധതി പ്രവർത്തനങ്ങൾ പൂർണ്ണമായും നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പൊതുജലാശയങ്ങളിലും പുഴകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 2022-23 വർഷം 463 ലക്ഷം രൂപയുടെ ഇന്റഗ്രേറ്റഡ് ഫിഷറീസ് ഇൻലാന്റ് അക്വാട്ടിക് എക്കോ സിസ്റ്റം പദ്ധതി നടപ്പാക്കുന്നതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി കാടപ്പ്, ആറ്റുകൊഞ്ച്, കാര ചെമ്മീൻ, നാരൻ ചെമ്മീൻ, പൂമീൻ തുടങ്ങിയ മത്സ്യ / ചെമ്മീൻ കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നു.
3. സംസ്ഥാനത്തെ ജലസംഭരണികളിൽ മത്സ്യകുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യഉത്പാദനം വർദ്ധിപ്പിക്കുന്ന റിസർവോയർ പദ്ധതി നടപ്പിലാക്കുന്നതിന് 2021-22 വർഷം 150 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാനത്തെ തെൻമല, ഇടുക്കി, ഭൂതത്താൻകെട്ട്, പെരിങ്ങൽക്കുത്ത്, ഷോളയാർ (ലോവർ) എന്നീ റിസർവോയറുകളിൽ വംശനാശ ഭീഷണി നേരിടുന്നത് ഉൾപ്പെടെയുള്ള തദ്ദേശ ഇനത്തിൽപ്പെട്ട endemic carp, endemic cat fish, കുയിൽ മത്സ്യം, വരാൽ തുടങ്ങിയ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ചിട്ടുണ്ട്. കൂടാതെ പാലക്കാട് ജില്ലയിലെ വിവിധ ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്നതിന് 32.25 ലക്ഷം രൂപയുടെ പദ്ധതി പ്രകാരം മലമ്പുഴ, മംഗലം, മീങ്കര, ചുള്ളിയാർ, കാഞ്ഞിരംപുഴ ജലസംഭരണികളിൽ മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് മത്സ്യ ഉത്പാദനം വർദ്ധിപ്പിക്കുന്നതിന് റിസർവോയർ പദ്ധതി നടപ്പാക്കുന്നതിന് 2022-23 വർഷം 200 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിട്ടുണ്ട്. പദ്ധതി പൂർത്തിയാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## 2. സമുദ്ര മത്സ്യബന്ധന മേഖല

മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടുവരുന്ന മത്സ്യം കേട്ടുകൂടാതെ സൂക്ഷിക്കുന്നതിന് ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്ന 66.50 ലക്ഷം രൂപയുടെ പദ്ധതി 2021-22 സാമ്പത്തിക വർഷത്തിൽ സർക്കാർ അനുവദിച്ചിരുന്നു. പ്രസ്തുത പദ്ധതി 9 തീരദേശ ജില്ലകളിലെ പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 483 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകി വളരെ വിജയകരമായി പൂർത്തിയാക്കി. 2022-23 സാമ്പത്തിക വർഷത്തിൽ 800 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ നൽകുന്നതിനായി 100 ലക്ഷം രൂപയുടെ പദ്ധതി തയ്യാറാക്കി സർക്കാരിന് സമർപ്പിച്ചിരുന്നു. ആയത് സർക്കാർ അംഗീകരിച്ച് ഭരണാനുമതിയും ഫണ്ടും അനുവദിച്ചിട്ടുണ്ട്. ആദ്യഘട്ടമായി 604 ഇൻസുലേറ്റഡ് ഫിഷ് ബോക്സുകൾ വിതരണം ചെയ്തു. ബാക്കിയുള്ളവ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. നടപ്പ് സാമ്പത്തിക വർഷത്തിൽ പുതുതായി ആരംഭിച്ച തോട്ടപ്പള്ളി, അഴീക്കോട്, പൊന്നാനി, കീഴൂർ എന്നീ ഫിഷറീസ് സ്റ്റേഷനുകൾ ആധുനികവൽക്കരിക്കുന്നതിനായി 98.76 ലക്ഷം രൂപയുടെ പദ്ധതി സർക്കാർ അംഗീകരിച്ച് ഉത്തരവ് ആകുകയും ആയത് നടപ്പിലാക്കി വരുകയുമാണ്.

Sea safety equipments to traditional fishing craft പദ്ധതി പ്രകാരം 2021-22 സാമ്പത്തിക വർഷം 360 Mounting type GPS കളും 417 Hand held type GPS കളും വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം സീ സേഫ്റ്റി പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 609 മൗണ്ടിംഗ് GPS കൾ വിതരണം ചെയ്യുന്ന പദ്ധതിക്ക് 399 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാവുകയും പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി GEM മുഖേന GPS വാങ്ങുന്നതിന് tender ചെയ്ത് സപ്ലൈ ഓര്ഡര് നല്കിയിട്ടുണ്ട്.

മത്സ്യബന്ധന യാനങ്ങൾക്കുള്ള ഇൻഷുറൻസ് പദ്ധതിപ്രകാരം2021-22 വർഷം 2 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാവുകയും അതുപയോഗിച്ച് 2758 യാനങ്ങൾക്ക പോളിസി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം 2 കോടി രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. ജില്ലകളിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

Sustainable Marine Fishing Practices പദ്ധതിയിൽ ഉൾപ്പെടുത്തി 2021-22 സാമ്പത്തിക വർഷം 30 ലക്ഷം രൂപ ചെലവിൽ 200 മത്സ്യത്തൊഴിലളികൾക്ക് square mesh cod end വിതരണം ചെയ്തിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതിക്കായി 30 ലക്ഷം രൂപയുടെ ഭരണാനുമതി സർക്കാരിൽ നിന്നും ലഭ്യമായിട്ടുണ്ട്. ജില്ലകളിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തി പദ്ധതി നടപ്പിലാക്കി വരുന്നു.

Monitoring of KMFR Act at Fishing harbours എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി KELTRON മുഖേന അഴീക്കൽ, മോപ്ലബേ, മടക്കര എന്നീ ഫിഷിംഗ് ഹാർബറുകളിൽ CCTV സ്ഥാപിക്കുന്നതിനും വിഴിഞ്ഞം, മുനമ്പം, ബേപ്പൂർ എന്നീ ഫിഷിംഗ് ഹാർബറുകളിൽ Electronic Display Board കൾ സ്ഥാപിക്കുന്നതിനും 233 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. KELTRON മായി ഇത് സംബന്ധിച്ച് കരാറിൽ ഏർപ്പെടുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുകയും ചെയ്യുന്നു.

Motorisation of Country Crafts പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് ഔട്ട് ബോർഡ് എഞ്ചിനുകൾ വാങ്ങുന്നതിന് 2021-22 സാമ്പത്തിക വർഷം 60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും മത്സ്യഫെഡ് മുഖേന പദ്ധതി നടപ്പിലാക്കുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനു 30 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിയിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തി സബ്സിഡി വിതരണം ചെയ്തു വരുന്നു.

Subsidy for suitable components of Fishing Gear പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യത്തൊഴിലാളികൾക്ക് വല വാങ്ങുന്നതിന് 2021-22 സാമ്പത്തിക വർഷം 40

ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമാകുകയും മത്സ്യഫെഡ് മുഖേന പദ്ധതി നടപ്പിലാക്കുകയും ചെയ്തു. നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിനു 20 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിയിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തി സബ്സിഡി വിതരണം ചെയ്തു വരുന്നു.

കേന്ദ്രാവിഷ്കൃത പദ്ധതിയായ PMMSY യിൽ ഉൾപ്പെടുത്തി 10 ആഴക്കടൽ മത്സ്യബന്ധന ബോട്ടുകൾ നല്കുന്ന പദ്ധതിയ്ക്ക് 2020 - 21 വർഷം കേന്ദ്ര സർക്കാരിൽ നിന്നും അംഗീകാരം ലഭ്യമായിട്ടുണ്ട്. കൊച്ചിൻ ഷിപ്പ് യാർഡ് നിർമ്മിക്കുന്ന അത്യാധുനിക സൌകര്യങ്ങളോട് കൂടിയ 1.50 കോടി രൂപ വിലയുള്ള ആഴക്കടൽ മത്സ്യബന്ധന യാനങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തി ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് നൽകുന്നത്. നിലവിലെ സ്ഥിതിയിൽ പ്രധാനമന്ത്രി മത്സ്യ സമ്പദാ യോജന പ്രകാരം യൂണിറ്റ് ഒന്നിന് 1.20 കോടി രൂപയും സബ്സിഡിയായി കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും കൂടി നൽകുന്നത് 48 ലക്ഷം രൂപ (40 %) യുമാണ്. (കേന്ദ്ര വിഹിതം 28.8 + സംസ്ഥാന വിഹിതം 19.2 ലക്ഷം രൂപ). ബാക്കിയുള്ള 102 കോടി രൂപ ഗുണഭോക്തൃ വിഹിതം ആണ്. ഇത് പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് സ്വന്തം നിലയിൽ കണ്ടെത്താൻ സാധിക്കില്ല എന്ന് മനസിലാക്കിയതിന്റെ അടിസ്ഥാനത്തിൽ ഗുണഭോക്തൃ വിഹിതത്തിന്റെ 30% (30.6 ലക്ഷം രൂപ) സംസ്ഥാന സർക്കാർ അധിക ഗ്രാന്റ് ആയി അനുവദിക്കുന്നതിനും ബാക്കി 70 % (71.4 ലക്ഷം രൂപ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനിൽ നിന്നും CMEDP ലോണ് മുഖേന ലഭ്യമാക്കുന്നതിന് സർക്കാർ തലത്തിൽ തീരുമാനിക്കുകയും ഉത്തരവാകുകയും ചെയ്തിട്ടുണ്ട്. ആദ്യ ഘട്ടമായി നിർമ്മണം പൂർത്തിയാകുന്ന 6 യാനങ്ങൾ ഡിസംബർ 2022 ന് തന്നെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് നൽകുന്നതിനുള്ള നടപടി ക്രമങ്ങൾ സ്വീകരിച്ച് വരുന്നു. ടി പദ്ധതിയിൽ അംഗങ്ങൾ ആയ സഹകരണ സംഘങ്ങളിൽ നിന്നും തെരഞ്ഞെടുത്ത 30 മത്സ്യത്തൊഴിലാളികൾക്ക് NCDC യുടെ സാമ്പത്തിക സഹായത്തോടെ CIFT യുടെ നേതൃത്വത്തിൽ മൂന്ന് ദിവസത്തെ ആഴക്കടൽ മത്സ്യബന്ധനത്തിനായുള്ള പരിശീലനം NIFAM ൽ വച്ച് നൽകിയിട്ടുണ്ട്.

PMMSY ൽ ഉൾപ്പെടുത്തി 'Providing FRP Boats Replacement and Nets for Traditional Fishermen, എന്ന പദ്ധതി പ്രകാരം പരമ്പരാഗത മത്സ്യത്തൊഴിലാളികൾക്ക് 5 ലക്ഷം യുണിറ്റ് വിലയുള്ള 100 FRP യാനങ്ങൾ നൽകുന്നതിനു 500 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതി ചെലവിന്റെ 24% (120 ലക്ഷം രൂപ) കേന്ദ്ര വിഹിതവും 16% (80 ലക്ഷം രൂപ) സംസ്ഥാന വിഹിതവും 60% (300 ലക്ഷം രൂപ) ഗുണഭോക്തൃ വിഹിതവും ആണ്. മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന ടി പദ്ധതിയിൽ ഗുണഭോക്തൃ തിരഞ്ഞെടുപ്പ് നടത്തി പദ്ധതി പൂർത്തീകരണത്തിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.

മത്സ്യബന്ധന ബോട്ടുകൾക്കായി ടോവിംഗ് ട്രാക്ടർ വാങ്ങുന്ന പദ്ധതിക്ക് 33.34 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. മത്സ്യഫെഡ് മുഖേനയാണ് പദ്ധതി നടപ്പാക്കുന്നത്. 16.67 ലക്ഷം രൂപ ചെലവ് വരുന്ന 2 ട്രാക്ടറുകൾ 75% സബ്സിഡിയിൽ ആണ് മത്സ്യത്തൊഴിലാളികൾക്ക് ലഭ്യമാക്കുന്നതിന് മത്സ്യഫെഡ് നടപടികൾ സ്വീകരിച്ച് വരുന്നു.

Functioning of Sea Rescue and Disaster Management, Co ordination and Information Centres and Formation of Harbour Based Sea Rescue Squad എന്ന പദ്ധതിയിൽ 220 ലക്ഷം രൂപ വകയിരുത്തിയിരുന്നു. 9 തീരദേശ ജില്ലകളിലെ fishing harbour കളിൽ Sea Rescue Squad കളെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു. ഗോവയിലെ National Institute of Water Sports ൽ ആദ്യ ബാച്ചിൽ പരിശീലനം പൂർത്തിയാക്കിയ 200 പേർക്ക് Revalidation training നൽകി. കടൽ രക്ഷാ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി ഫിഷറീസ് ഡയറക്ടറേറ്റ് കേന്ദ്രീകരിച്ച് ഒരു Master Control Room ഉം വിഴിഞ്ഞം, വൈപ്പിൻ, ബേപ്പൂർ ഫിഷറീസ് സ്റ്റേഷനുകൾ കേന്ദ്രീകരിച്ച് 3 റീജിയണൽ കൺട്രോൾ റൂമുകളും പ്രവർത്തിച്ചു വരുന്നു.

മത്സ്യബന്ധന യാനങ്ങളിൽ തൊഴിലെടുക്കുന്ന എഞ്ചിൻ ഡ്രൈവർ, സ്രാങ്ക്, ഡെക്ക് ഹാൻഡ് എന്നിവർക്ക് മത്സ്യബന്ധന പ്രവർത്തനങ്ങളിൽ കൊച്ചിയിലെ CIFNET ൽ വച്ച് പരിശീലനം നല്കുന്നതിനു 2022 – 23 സാമ്പത്തിക വർഷം 20.37 ലക്ഷം രൂപയുടെ ഭരണാനുമതി ലഭ്യമായിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരുന്നു.

PIU

മുൻ സർക്കാരുകളുടെ കാലത്ത് ആവിഷ്കരിച്ച വിഴിഞ്ഞം തുറമുഖ നിർമ്മാണവുമായി ബന്ധപ്പെട്ട പുനരധിവാസ പദ്ധതിയും പുനർഗേഹം പദ്ധതിയുമാണ് നിലവിൽ വിഴിഞ്ഞം പി.ഐ.യു മുഖേന നടപ്പിലാക്കി വരുന്നത്.

**ഈ സർക്കാർ അധികാരമേറ്റശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ, അഡാക്ക്, മത്സ്യഫെഡ്, സാഫ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി അനുവദിച്ചതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.**

1. **കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ**

ഈ സർക്കാർ അധികാരമേറ്റശേഷം കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കുന്നതിനായി അനുവദിച്ചതും നടപ്പിലാക്കി വരുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

## ഈ സർക്കാർ അനുവദിച്ച പദ്ധതികൾ

## 2021-22 സാമ്പത്തിക വർഷം

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| | **സ്റ്റേറ്റ് പ്ലാൻ പദ്ധതികൾ** | | |
| 1 | ജി ആർ. എഫ് ടി എച്ച് എസ്സ്, കാഞ്ഞങ്ങാട് ഹോസ്റ്റൽ റീവയറിംഗ് | 4.38 | പൂർത്തീകരിച്ചു |
| 2 | ജി. എഫ് എൽ പി എസ്, അരിക്കാടി, കുമ്പള പുനരുദ്ധാരണം | 33.17 | പൂർത്തീകരിച്ചു |
| 3 | ഫാമിലി ഹെൽത്ത് സെന്റർ, പുതിയാപ്പ | 138.60 | പദ്ധതി പുരോഗമിക്കുന്നു. |
| 4 | മലമ്പുഴ നൈൽ തിലാപ്പിയ ഹാച്ചറി നിർമ്മാണം | 270.00 | പദ്ധതി പുരോഗമിക്കുന്നു. |
| 5 | കിച്ചൺ, ഡൈനിംഗ് ഹാൾ നിർമ്മാണം, ജി എച്ച് എസ്സ് എസ്സ്, മുഴിപ്പിലങ്ങാട് | 37.30 | പദ്ധതി പുരോഗമിക്കുന്നു. |
| 6 | സ്പോർട്ട്സ് ഗ്രൗണ്ട് വികസനം, ജി എച്ച് എസ്സ് എസ്സ്,പാലയോട്, ധർമ്മടം | 170.10 | പദ്ധതി പുരോഗമിക്കുന്നു. |
| 7 | അംഗൻവാടി, മേലൂർ, ധർമ്മടം | 34.91 | പദ്ധതി പുരോഗമിക്കുന്നു. |

| | | | |
|---|---|---|---|
| | **നബാർഡ് പദ്ധതികൾ** | | |
| 8 | ഫിഷ് ലാന്റിംഗ് സെന്റർ, പ്രായിക്കര, ആലപ്പുഴ | 142.26 | പദ്ധതി ആരംഭിച്ചു |
| 9 | കുളത്തൂപ്പുഴ നൈൽ തിലാപ്പിയ ഹാച്ചറി നിർമ്മാണം | 1221.00 | പദ്ധതി ആരംഭിച്ചു |
| 10 | ഫിഷ് ലാന്റിംഗ് സെന്റർ, റാത്തിക്കൽ, തിരുവനന്തപുരം | 833.12 | CRZ ലഭ്യമാക്കേണ്ടതുണ്ട് |
| 11 | ഫിഷ് ലാന്റിംഗ് സെന്റർ, ചില്ലക്കൽ, കൊല്ലം | 935.55 | CRZ ലഭ്യമാക്കേണ്ടതുണ്ട് |

**2022-23 സാമ്പത്തിക വർഷം**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണം, നെടുമൺക്കാവ് | 502.00 | പദ്ധതി പുരോഗമിക്കുന്നു |
| 2 | കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ, താന്നൂർ - ഡയാലിസിസ് സെന്റർ നിർമ്മാണം, | 232.12 | ദർഘാസ് നടപടികൾ സ്വീകരിച്ചുവരുന്നു. |

**മുൻ സർക്കാർ അനുവദിച്ച് ഈ സർക്കാരിന്റെ കാലയളവിൽ പുരോഗമിച്ചു വരുന്ന പദ്ധതികൾ**

**2020-21 സാമ്പത്തിക വർഷം**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഫിഷർമെൻ യൂട്ടിലിറ്റി സെന്റർ അജാന്നൂർ | 94.90 | പൂർത്തീകരണഘട്ടത്തിൽ |
| 2 | എംവിജിഎൽപിഎസ് പേരൂർ, കൊല്ലം - അടിസ്ഥാനസൗകര്യ വികസനം | 289.99 | പദ്ധതി പുരോഗമിക്കുന്നു. |
| 3 | എഎസ്എച്ച്എസ്എസ്, പുത്തൻതുറ, കൊല്ലം - അടിസ്ഥാനസൗകര്യ വികസനം | 231.56 | സിആർഇസഡ് ലഭ്യമാകേണ്ടതുണ്ട് |
| 4 | പിഎച്ച്സി പേരയം, കൊല്ലം - അടിസ്ഥാനസൗകര്യ വികസനം | 167.98 | പദ്ധതി പുരോഗമിക്കുന്നു. |
| 5 | കോഴിക്കോട് വെസ്റ്റ്ഹില്ലിൽ 80 വ്യക്തിഗത ഫ്ളാറ്റ് നിർമ്മാണം | 1354.00 | ദർഘാസ് നടപടികൾ പൂർത്തീകരിച്ചുവരുന്നു |

**കിഫ്ബി പദ്ധതികൾ**

1) തീരസംരക്ഷണ പദ്ധതി

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (കോടി രൂപ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | മഞ്ചേശ്വരം തീരസംരക്ഷണ പദ്ധതി, കാസർഗോഡ് | 13.47 | പദ്ധതി പൂർത്തീകരിച്ചു |
| 2 | തലായ് തീരസംരക്ഷണ പദ്ധതി, കണ്ണൂർ | 3.48 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ചേറ്റുവ തീരസംരക്ഷണ പദ്ധതി, തൃശ്ശൂർ | 6.86 | പദ്ധതി പൂർത്തീകരിച്ചു |
| 4 | കൊല്ലം താന്നി തീര സംരക്ഷണ പദ്ധതി, കൊല്ലം | 35.08 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 5 | പൂന്തുറ തീരസംരക്ഷണ പദ്ധതി, തിരുവനന്തപുരം | 20.78 | പദ്ധതി പുരോഗമിക്കുന്നു |
| 6 | മുതലപ്പൊഴി തീരസംരക്ഷണ പദ്ധതി, തിരുവനന്തപുരം | 26.51 | പ്രീ ക്വാളിഫിക്കേഷൻ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചുവരുന്നു |
| 7 | കായംകുളം തീരസംരക്ഷണ പദ്ധതി, ആലപ്പുഴ | 2.42 | സർക്കാരിൽ നിന്നും പുതുക്കിയ എസ്റ്റിമേറ്റിനുള്ള അംഗീകാരം ലഭ്യമാവേണ്ടതുണ്ട്. |
| 8 | തോട്ടപ്പള്ളി തീരസംരക്ഷണ പദ്ധതി, ആലപ്പുഴ | 2.40 | |

**ഹാർബർ നിർമ്മാണം**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (കോടി രൂപ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ചെത്തി മത്സ്യബന്ധന തുറമുഖം | 97.43 | പദ്ധതി പുരോഗമിക്കുന്നു |
| 2 | പരപ്പനങ്ങാടി മത്സ്യബന്ധന തുറമുഖം | 112.218 | പദ്ധതി പുരോഗമിക്കുന്നു |

2) **വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ പുനരുദ്ധാരണം:** 57 പ്രവൃത്തികൾക്ക് ഫണ്ടിംഗ് അനുമതി ലഭിച്ചതിൽ 26 എണ്ണം പൂർത്തീകരിച്ചിട്ടുള്ളതും, 11 എണ്ണം പൂർത്തീകരണ ഘട്ടത്തിലുമാണ്.

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| 1 | ഗവ. എൽ.പി. സ്കൂൾ, പെരുമാതുറ, തിരുവനന്തപുരം | 73.14268 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| 2 | ഗവ. മോഡൽ യു.പി. സ്കൂൾ, കാക്കാട്ടുമൂല, മയ്യനാട്. കൊല്ലം | 43.54928 | പദ്ധതി പൂർത്തീകരിച്ചു |
| 3 | ഗവ. യു.പി. സ്കൂൾ, പഴങ്കാലം, കൊല്ലം | 51.36760 | പദ്ധതി പൂർത്തീകരിച്ചു |
| 4 | ഗവ. ഹയർസെക്കന്ററി സ്കൂൾ, ചെറിയഴീക്കൽ, കൊല്ലം | 148.00 | പദ്ധതി പൂർത്തീകരിച്ചു |
| 5 | ഗവ. ടൗൺ യു.പി. സ്കൂൾ, കരുനാഗപ്പള്ളി | 230.02923 | പദ്ധതി പൂർത്തീകരിച്ചു |
| 6 | തകഴി ശിവശങ്കരപിള്ള മെമ്മോറിയൽ ഗവ. യു.പി. സ്കൂൾ, തകഴി, ആലപ്പുഴ | 90.37779 | പദ്ധതി പൂർത്തീകരിച്ചു |
| 7 | ഗവ. ഹൈസ്കൂൾ, കോടംതുരുത്ത് , ആലപ്പുഴ | 299.34373 | പദ്ധതി പൂർത്തീകരിച്ചു |
| 8 | ഗവ. യു.പി. സ്കൂൾ ചിറയ്ക്കകം, വാരാപ്പുഴ, എറണാകുളം | 81.10453 | പദ്ധതി പൂർത്തീകരിച്ചു |
| 9 | ഗവ. ഫിഷറീസ് യു.പി. സ്കൂൾ, വാടാനപ്പള്ളി, തൃശ്ശൂർ | 62.7389 | പദ്ധതി പൂർത്തീകരിച്ചു |
| 10 | ഗവ. ഫിഷറീസ് യു.പി. സ്കൂൾ, മന്ദലാംകുന്ന്, തൃശ്ശൂർ | 68.5358 | പദ്ധതി പൂർത്തീകരിച്ചു |
| 11 | ഗവ. മോഡൽ എൽ.പി. സ്കൂൾ, കൂട്ടായി നോർത്ത്, മലപ്പുറം | 32.9282 | പദ്ധതി പൂർത്തീകരിച്ചു |
| 12 | ഗവ. യു.പി. സ്കൂൾ, പുറത്തൂർ, മലപ്പുറം | 99.96736 | പദ്ധതി പൂർത്തീകരിച്ചു |
| 13 | ഗവ. മോപ്പിള എൽ.പി.സ്കൂൾ, താനൂർ, മലപ്പുറം | 49.51078 | പദ്ധതി പൂർത്തീകരിച്ചു |
| 14 | ഗവ. എൽ.പി. സ്കൂൾ, ചെട്ടിപ്പാടി, പരപ്പനങ്ങാടി, മലപ്പുറം | 48.58291 | പദ്ധതി പൂർത്തീകരിച്ചു |
| 15 | ഗവ. യു.പി. സ്കൂൾ, അരിയല്ലൂർ, മലപ്പുറം | 185.96356 | പദ്ധതി പൂർത്തീകരിച്ചു |
| 16 | ഗവ. എൽ.പി. സ്കൂൾ, വള്ളിക്കുന്ന് മലപ്പുറം | 60.27975 | പദ്ധതി പൂർത്തീകരിച്ചു |
| 17 | ഗവ. എൽ.പി. സ്കൂൾ, ബേപ്പൂർ സൗത്ത്, കോഴിക്കോട് | 59.13632 | പദ്ധതി പൂർത്തീകരിച്ചു |
| 18 | ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, | 67.4671 | പദ്ധതി പൂർത്തീകരിച്ചു |

| | | | |
|---|---|---|---|
| | കോരപ്പുഴ, കോഴിക്കോട് | | |
| 19 | ഗവ. ഫിഷറീസ് യു.പി. സ്കൂൾ, കൊയിലാണ്ടി, കോഴിക്കോട് | 63.7201 | പദ്ധതി പൂർത്തീകരിച്ചു |
| 20 | ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, മേലടി, പയ്യോളി, കോഴിക്കോട് | 60.69059 | പദ്ധതി പൂർത്തീകരിച്ചു |
| 21 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, മുഴപ്പിലങ്ങാട് , കണ്ണൂർ | 113.98935 | പദ്ധതി പൂർത്തീകരിച്ചു |
| 22 | സിറ്റി ഗവ. ഹയർ സെക്കന്ററി സ്കൂൾ, കണ്ണൂർ | 140.25139 | പദ്ധതി പൂർത്തീകരിച്ചു |
| 23 | ഗവ. യു.പി. സ്കൂൾ, നീർച്ചാൽ കണ്ണൂർ | 73.67279 | പദ്ധതി പൂർത്തീകരിച്ചു |
| 24 | ഗവ. ഗേൾസ് ഹയർ സെക്കന്ററി സ്കൂൾ, മാടായി, കണ്ണൂർ | 203.81861 | പദ്ധതി പൂർത്തീകരിച്ചു |
| 25 | ഗവ. യു.പി. സ്കൂൾ, കവ്വായി, കണ്ണൂർ | 67.68969 | പദ്ധതി പൂർത്തീകരിച്ചു |
| 26 | ഗവ. ഹയർ സെക്കന്ററി സ്കൂർ, ഏറ്റിക്കുളം, കണ്ണൂർ | 135.67216 | പദ്ധതി പൂർത്തീകരിച്ചു |
| 27 | കെ.ജി.വി. ഗവ. യു.പി. സ്കൂൾ, ഇളമ്പല്ലൂർ, കൊല്ലം | 186.59297 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 28 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, ഇടവിലങ്ങ്, തൃശ്ശൂർ | 138.33185 | പദ്ധതി പൂർത്തീകരണഘട്ടത്തിൽ |
| 29 | ഗവ. എൽ.പി. സ്കൂൾ, ചാലിൽഗോപാൽപേട്ട, കണ്ണൂർ | 74.01875 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 30 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, പാലിയാട് , ധർമ്മടം | 81.13739 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 31 | ഗവ. ഹയർ സെക്കന്ററി സ്കൂർ, രാമന്തളി, കണ്ണൂർ | 142.27140 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 32 | ഗവ. ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, പടന്ന കടപ്പുറം കാസർഗോഡ് | 115.85495 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 33 | ഗവ. ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, കടംകോട് കാസർഗോഡ് | 148.49870 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 34 | ഗവ. യു.പി. സ്കൂൾ, കീക്കാൻ, ഉദുമ, കാസർഗോഡ് | 43.89587 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |

| | | | |
|---|---|---|---|
| 35 | ഗവ. എച്ച്.എസ്.എസ്., പാക്കം, പള്ളിക്കര, ഉദുമ | 81.95399 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 36 | ഗവ. എച്ച്.എസ്.എസ്., കാസർഗോഡ് | 161.68969 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 37 | ജി.എച്ച്.എസ്.എസ്., മഞ്ചേശ്വരം | 179.34343 | പദ്ധതി പൂർത്തീകരണ ഘട്ടത്തിൽ |
| 38 | ഗവ. യു.പി. സ്കൂൾ, ബീമാപള്ളി, തിരുവനന്തപുരം | 125.84444 | പദ്ധതി പുരോഗമിക്കുന്നു |
| 39 | ഗവ. എൽ.പി. സ്കൂൾ, വർക്കല | 173.22005 | പദ്ധതി പുരോഗമിക്കുന്നു |
| 40 | ഗവ. ഹയർ സെക്കന്ററി സ്കൂൾ വീയ്യപുരം, ആലപ്പുഴ | 162.19758 | പദ്ധതി പുരോഗമിക്കുന്നു |
| 41 | ഗവ. യു.പി. സ്കൂൾ, ആരിയാട് നോർത്ത്, ആലപ്പുഴ | 85.13593 | പദ്ധതി പുരോഗമിക്കുന്നു |
| 42 | കോനാത്ത്കുന്ന് ഗവ. എൽ.പി. സ്കൂൾ, വെള്ളങ്ങല്ലൂർ, തൃശ്ശൂർ | 227.74186 | പദ്ധതി പുരോഗമിക്കുന്നു |
| 43 | ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, ചാലിയം, കോഴിക്കോട് | 58.93915 | പദ്ധതി പുരോഗമിക്കുന്നു |
| 44 | ഗവ. എൽ.പി. സ്കൂൾ, പള്ളി ക്കണ്ടി സൗത്ത്, കോഴിക്കോട് | 66.07843 | പദ്ധതി പുരോഗമിക്കുന്നു |
| 45 | ഗവ. ഹയർ സെക്കന്ററി സ്കൂൾ പുതിയാപ്പ, കോഴിക്കോട് | 158.19330 | പദ്ധതി പുരോഗമിക്കുന്നു |
| 46 | ഗവ. യു.പി. സ്കൂൾ, അന്തിട്ട, കൊയിലാണ്ടി, കോഴിക്കോട് | 92.6987 | പദ്ധതി പുരോഗമിക്കുന്നു |
| 47 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, കൊട്ടവള്ളി, കണ്ണൂർ | 202.6 | പദ്ധതി പുരോഗമിക്കുന്നു |
| 48 | ഗവ. ഫിഷറീസ് എൽ.പി. സ്കൂൾ, അഴീക്കോട് | 65.32536 | പദ്ധതി പുരോഗമിക്കുന്നു |
| 49 | ഗവ. മാപ്പിള യു.പി.എസ്, പള്ളിക്കര | 187.65004 | പദ്ധതി പുരോഗമിക്കുന്നു |
| 50 | ഗവ. എൽ.പി. സ്കൂൾ, കോട്ടപ്പുറം, കൊല്ലം | 107.13710 | രണ്ടാം നില സ്ലാബ് പൂർത്തീകരിച്ചു. ഹൈക്കോടതിയിൽ കരാറുകാരന്റെ കേസിന്മേൽ പദ്ധതി നിർത്തി വച്ചിരിക്കുന്നു. |

| | | | |
|---|---|---|---|
| 51 | ഗവ. ടൗൺ യു.പി. സ്കൂൾ, കച്ചേരിമുക്ക്, കൊല്ലം | 95.51912 | 8 footing പൂർത്തീകരിച്ചു. പുരോഗതി കുറവായതിനാൽ കരാറുകാരനെ terminate **ചെയ്തു**. Termination revoke **ചെയ്യുവാനായി** കരാറുകാരൻ അപേക്ഷ സമർപ്പിച്ചതിൽ തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 52 | ഗവ. യു.പി. സ്കൂൾ കാർത്തികപ്പള്ളി, ആലപ്പുഴ | 201.21312 | പ്രവൃത്തി പ്രാരംഭഘട്ടത്തിൽ |
| 53 | ജി.എച്ച്.എസ്.എസ്., കേരളപുരം | 210.92907 | ലൊക്കേഷൻ മാറ്റിയ പ്രകാരമുള്ള പുതുക്കിയ പ്ലാൻ അനുസരിച്ച് പുതുക്കിയ ഫണ്ടിംഗ് അനുമതി ലഭ്യമാക്കേണ്ടതുണ്ട്. |
| 54 | ഗവ. ഫിഷറീസ് ഹയർ സെക്കന്ററി സ്കൂൾ, കുഴിത്തുറ, കൊല്ലം | 175.47705 | Foundation ൽ മാറ്റം വന്നതിനാൽ കിഫ്ബിയുടെ അംഗീകാരത്തിനായി പുതുക്കിയ T.S. എസ്റ്റിമേറ്റ് സമർപ്പിച്ചി രിക്കുന്നു. |
| 55 | ഗവ. ഹയർ സെക്കന്ററി സ്കൂൾ, വെളിയംകോട്, മലപ്പുറം | 130.0279 | പ്രവൃത്തി ആരംഭിക്കുവാനായി കിഫ്ബി യുടെ PED അനുമതി പ്രതീക്ഷിക്കുന്നു. |
| 56 | ഗവ. യു.പി. സ്കൂൾ, കീഴൂർ, ഉദുമ, കാസർഗോഡ് | 78.72281 | Demolition അനുമതി പഞ്ചായത്തിൽ നിന്നും ലഭിക്കവാൻ കാലതാമസം വന്നു. നിലവിൽ സ്ഥല ലഭ്യത യ്ക്കനുസരിച്ച് പഞ്ചായത്തിന്റെ അനുമതിയോടെ തയ്യാറാക്കിയ പുതുക്കിയ പ്ലാൻ പ്രകാരം പുതുക്കിയ ഫണ്ടിംഗ് അനുമതി (DSR 2018-ൽ) ലഭ്യമാക്കുവാനായി കിഫ്ബിയിലേയ്ക്ക് എസ്റ്റിമേറ്റ് സമർപ്പിച്ചിരിക്കുന്നു. |
| 57 | ഗവ. യു.പി.എസ്, അഗസരഹോള, ഉദുമ | 64.79482 | Archeology ഡിപ്പാർട്ട്മെന്റിന്റെ അനുമതി ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പ്രകാരം തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് കിഫ്ബിയ്ക്ക് പുതുക്കിയ ഫണ്ടിംഗ് അനുമതി (DSR 2018) നൽകുവാനായി സമർപ്പിച്ചിരിക്കുന്നു. |

3) **മത്സ്യമാർക്കറ്റ് പുനരുദ്ധാരണം**

| ക്രമ നമ്പർ | പദ്ധതി | അടങ്കൽ തുക (ലക്ഷത്തിൽ) | നിലവിലെ അവസ്ഥ |
|---|---|---|---|
| | **കിഫ്ബി പദ്ധതി** | | |
| 1 | അടൂർ | 200.53 | പദ്ധതി പുരോഗമിക്കുന്നു |
| 2 | പുത്തൻചന്ത | 214.58 | ദർഘാസ് അനുമതിയ്ക്കായി സർക്കാരിലേയ്ക്ക് സമർപ്പിച്ചിരിക്കുന്നു. |
| 3 | പുന്നമൂട് | 452.40 | സാങ്കേതികാനുമതി 24/11/22 ൽ നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 4 | പഴയകുന്നുമേൽ | 358.10 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 5 | നിലക്കാമുക്ക് | 155.28 | |
| 6 | വക്കം | 195.79 | |
| 7 | കടയ്ക്കാവൂർ | 265.83 | ദർഘാസ് നടപടികൾ സ്വീകരിച്ചു. കിഫ്ബി അംഗീകാരത്തിനായി PED തയ്യാറാക്കി വരുന്നു |
| 8 | വാമനപുരം | 439.32 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 9 | നടുക്കാട് | 251.18 | |
| 10 | വിളവൂർക്കൽ | 107.50 | |
| 11 | പൂന്തുറ | 237.92 | |
| 12 | നെയ്യാറ്റിൻകര | 474.40 | |
| 13 | പനച്ചമൂട് | 535.77 | സാങ്കേതികാനുമതി 23/09/22 ൽ നൽകിയിട്ടുണ്ട്. എസ്റ്റിമേറ്റ് അംഗീകാരത്തിനായി കിഫ്ബിയ്ക്ക് സമർപ്പിച്ചിരിക്കുന്നു. കിഫ്ബി അംഗീകാരത്തിനായി PED തയ്യാറാക്കി വരുന്നു |
| 14 | കാഞ്ഞിരംകുളം | 246.95 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 15 | തങ്കശ്ശേരി | 214.77 | തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ ആവശ്യങ്ങൾക്കനുസരണം എസ്റ്റിമേറ്റ് DSR 2018 പ്രകാരം പുതുക്കിയ Revised Fs നായി കിഫ്ബിയിൽ സമർപ്പിച്ചിരിക്കുന്നു. |
| 16 | കടപ്പാക്കട | 150.09 | |
| 17 | പള്ളിമുക്ക് | 165.27 | |
| 18 | മൂന്നാംകുറ്റി | 140.40 | |

| | | | |
|---|---|---|---|
| 19 | സൗത്ത് പരവൂർ | 183.49 | |
| 20 | പാരിപ്പള്ളി | 302.63 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 21 | കൊട്ടിയം | 226.22 | |
| 22 | ചാത്തന്നൂർ | 528.06 | ദർഘാസ് നടപടികൾ സ്വീകരിച്ചു. കിഫ്ബി അംഗീകാര ത്തിനായി PED സമർപ്പിച്ചിരിക്കുന്നു. |
| 23 | കടയ്ക്കൽ | 374.43 | |
| 24 | ശാസ്താംകോട്ട | 215.85 | |
| 25 | കിഴക്കേകല്ലട | 214.42 | |
| 26 | കാവനാട് | 245.08 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 27 | ആല്യംമൂട് | 167.81 | |
| 28 | അഞ്ചൽ | 472.31 | |
| 29 | പുനലൂർ | 642.75 | |
| 30 | പുത്തൂർ | 284.26 | ദർഘാസ് നടപടികൾ സ്വീകരിച്ചു. കിഫ്ബി അംഗീകാര ത്തിനായി PED സമർപ്പിച്ചിരിക്കുന്നു. |
| 31 | കൊട്ടാരക്കര | 506.67 | സാങ്കേതികാനുമതി 04/11/22 ൽ നൽകിയിട്ടുണ്ട്. തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| 32 | കുലശേഖരപുരം | 340.83 | |
| 33 | പത്തനാപുരം | 181.81 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 34 | കുമ്പഴ | 227.31 | |
| 35 | കൂടൽ | 178.29 | സാങ്കേതികാനുമതി 23/09/22 ൽ നൽകിയിട്ടുണ്ട്. കിഫ്ബി അംഗീകാര ത്തിനായി PED തയ്യാറാക്കി വരുന്നു |
| 36 | മണ്ണഞ്ചേരി | 163.97 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 37 | ചെത്തി | 161.54 | ഹാർബർ എഞ്ചിനിയറിംഗിന്റെ അധീനതയിൽ ഉള്ള സ്ഥലത്ത് നിന്നും പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള സ്ഥലത്തേയ്ക്ക് പ്രൊപ്പോസൽ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 38 | താമരക്കുളം | 227.52 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 39 | മാങ്കാംകുഴി | 176.13 | |

| | | | |
|---|---|---|---|
| 40 | കരിപ്പുഴ | 173.28 | |
| 41 | ചേർത്തല | 307.60 | |
| 42 | ഇടക്കൊച്ചി | 143.26 | |
| 43 | നായരമ്പലം | 276.49 | |
| 44 | ചാലക്കുടി | 350.02 | സാങ്കേതികാനുമതി 23/09/22 ൽ നൽകിയിട്ടുണ്ട്. ദർഘാസ് നടപടികൾ സ്വീകരിച്ചു. കിഫ്ബി അംഗീകാരത്തിനായി PED സമർപ്പിച്ചിരിക്കുന്നു. |
| 45 | കുന്നംകുളം | 466.40 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |
| 46 | പൊന്നാനി | 170.07 | ഹാർബർ എഞ്ചിനിയറിംഗിന്റെ അധീനതയിൽ ഉള്ള സ്ഥലത്ത് നിന്നും പഞ്ചായത്തിന്റെ അധീനതയിൽ ഉള്ള സ്ഥലത്തേയ്ക്ക് പ്രൊപ്പോസൽ മാറ്റുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| 47 | വെള്ളയിൽ | 373.22 | |
| 48 | ന്യൂമാഹി | 129.20 | |
| 49 | കണ്ണപുരം | 116.91 | CRZ/Railway clearance നായി നടപടികൾ സ്വീകരിച്ചുവരുന്നു. |
| 50 | പഴയങ്ങാടി | 142.22 | |
| 51 | കാഞ്ഞങ്ങാട് | 301.48 | സാങ്കേതികാനുമതി എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നു |

## 2. അഡാക്ക്

ഈ സർക്കാർ അധികാരമേറ്റശേഷം അഡാക്ക് മുഖേന നടപ്പിലാക്കുന്നതിനായി അനുവദിച്ചതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

| പദ്ധതിയുടെ പേര് | നിലവിലെ അവസ്ഥ |
|---|---|
| Integrated Development of Reservoirs | പ്രധാൻ മന്ത്രി മത്സ്യസമ്പദായോജന (PMMSY) സ്കീമിൽ ഉൾപ്പെടുത്തി സർക്കാരിൻറെ 27/01/2022 ലെ ജി.ഒ.(ആർ.ടി) നമ്പർ 47/2022/എഫ് & പി ഉത്തരവ് പ്രകാരം Integrated Development of Reservoirs എന്ന പദ്ധതിയ്ക്ക് 1081.8 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. പീച്ചി, ഇടുക്കി, നെയ്യാർ റിസർവോയറുകളിലെ കൂട്ടു മത്സ്യകൃഷിയാണ് പദ്ധതി വിഭാവനം ചെയ്യുന്നത്. തദ്ദേശീയരായ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട മത്സ്യത്തൊഴിലാളികളാണ് പദ്ധതി ഗുണഭോക്താക്കൾ. മേൽ പറഞ്ഞ റിസർവോയറുകൾ വനം വകുപ്പിന്റെ അധീനതയിലായതിനാൽ ടി വകുപ്പിന്റെ അനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിച്ച് വരുന്നു. പദ്ധതിയുടെ ഭാഗമായി കൂടുകൾ നിർമ്മിക്കുന്നതിന് വിവിധ സ്ഥാപനങ്ങളില് നിന്ന് ടെണ്ടർ ക്ഷണിക്കുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

| | |
|---|---|
| Proposal for Backyard Fish seed production<br>a) Demonstration units and production of brood fingerlings<br><br>b) Capacity Building programme | സർക്കാരിന്റെ 2/08/2022 ലെ ജി.ഒ.(ആർ.ടി) 480/2022/എഫ് & പി ഉത്തരവ് പ്രകാരം 60 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. പദ്ധതി നിർവ്വഹണത്തിന്റെ ഭാഗമായി കർഷകർക്ക് നൽകുന്നതിനായി കരിമീൻ/വരാൽ മത്സ്യക്കുഞ്ഞുങ്ങളെ ശേഖരിച്ച് ബ്രൂഡർ മത്സ്യമാക്കി മാറ്റുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങള് ആരംഭിച്ചിട്ടുണ്ട്.<br><br>സർക്കാരിന്റെ 2/08/2022 ലെ ജി.ഒ.(ആർ.ടി) 480/2022/എഫ് & പി ഉത്തരവ് പ്രകാരം 7.2 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. പദ്ധതി ഗുണഭോക്താക്കൾക്കുള്ള പരിശീലന പരിപാടി ആരംഭിച്ചിട്ടുണ്ട്. |
| SubhikshaKeralam, Janakeeyamatsyakrishi 2022-23<br>a) Innovative aquaculture practice (395.59 ലക്ഷം)<br><br>b) Live fish marketing outlet (300 ലക്ഷം) | സർക്കാരിന്റെ 07/09/2022 ലെ ജി.ഒ.(ആർ.ടി) 563/2022/എഫ് & പി ഉത്തരവ് പ്രകാരം സുഭിക്ഷകേരളം ജനകീയമത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 395.59 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനങ്ങൾ പുരോഗമിച്ചു വരുന്നു.<br>സർക്കാരിന്റെ 07/09/2022 ലെ ജി.ഒ.(ആർ.ടി) 563/2022/എഫ് & പി ഉത്തരവ് പ്രകാരം സുഭിക്ഷകേരളം ജനകീയമത്സ്യകൃഷി പദ്ധതിയിലുൾപ്പെടുത്തി 300 ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചിരുന്നു. Live fish marketing outlet സ്ഥാപിക്കുന്നതിന് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനുള്ള നടപടി പുരോഗമിച്ചു വരുന്നു. |
| Proposal for upgradation of Odayam shrimp hatchery to SPF status | പദ്ധതി നിർവ്വഹണം പുരോഗമിച്ചു വരുന്നു. Harbour Engineering Department നിർമ്മാണ പ്രവർത്തനങ്ങളുടെ എസ്റ്റിമേറ്റ് എടുത്തു ടെൻഡർ നടപടി പുരോഗമിച്ചു വരുന്നു |
| Establishment of Ornamental fish production unit at Government Fish Farm, Ullanam | പദ്ധതി പ്രവർത്തനം പുരോഗമിച്ചു വരുന്നു. |

### 3. മത്സ്യഫെഡ്

ഈ സർക്കാർ അധികാരമേറ്റശേഷം മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്നതിനായി അനുവദിച്ചതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

1. 6/11/2021 തീയതിയിലെ സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം. 637/2021 മ.തു.വ പ്രകാരം പുനർനിർണ്ണയം (Revalidate) ചെയ്ത് അനുവദിച്ച 50 ലക്ഷം രൂപ ചെലവഴിച്ച് 5 ഫിഷ് മാർട്ടുകൾ സ്ഥാപിച്ചിട്ടുണ്ട്.
2. G.O (Rt) No. 736/2022/F&P Dated 1/11/2022 പ്രകാരം 10 മാർട്ടുകൾക്ക് 100

ലക്ഷം രൂപയുടെ ഭരണാനുമതി ലഭിച്ചതിൽ മത്സ്യഫെഡ് തനത് ഫണ്ടുപയോഗിച്ച് 4 ഫിഷ് മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

3. സ.ഉ (സാധാ) നം. 5098/2022/ധ.ന തീയതിയി 15/07/2022 - ലെ ഉത്തരവ് പ്രകാരം ചെങ്ങന്നൂർ എം എൽ എ - യുടെ ആസ്തി വികസന പദ്ധതിയുടെ ടെൻഡർ സേവിങ്സിൽ നിന്നും 16.5 ലക്ഷം രൂപ ഉപയോഗിച്ച് ഒരു അന്തിപച്ച യൂണിറ്റ് വാങ്ങി വില്പനശാല സജ്ജീകരിക്കുന്നതിലേയ്ക്ക് സർക്കാർ പോർട്ടലായ GeM വഴി വാഹനം വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.
4. മത്സ്യഫെഡ് തനത് ഫണ്ടുപയോഗിച്ച് 5 അന്തിപച്ച വാഹനങ്ങളിലൂടെ വില്പനശാല സജ്ജീകരിച്ചു.
5. ആലപ്പുഴ ജില്ലയിൽ ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ മുളക്കുഴയിൽ മത്സ്യഫെഡ് മത്സ്യ സംഭരണശാല (Base Station) ആരംഭിച്ചിട്ടുണ്ട്.
6. മത്സ്യത്തൊഴിലാളികൾക്ക് മത്സ്യഫെഡ് വഴി നൽകിയിട്ടുള്ള വായ്പകളിൽ മേൽ 31/03/2020 വരെ കുടിശ്ശിക നിൽക്കുന്ന പലിശ, പിഴപലിശ ഒഴിവാക്കി മുതൽ തുക മാത്രം അടപ്പിച്ചുകൊണ്ട് വായ്പ കണക്ക് തീർപ്പാക്കുന്നതിനുള്ള ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി ആവിഷ്ക്കരിച്ചു. ഇതിനായി ജില്ലാതല അദാലത്തുകൾ സംഘടിപ്പിച്ചു.

ഇതുകൂടാതെ മത്സ്യത്തൊഴിലാളികൾക്കായി മത്സ്യഫെഡ് നടപ്പിലാക്കുന്ന ചുവടെപ്പറയുന്ന പദ്ധതികൾ ഇപ്പോഴും തുടർന്നു വരുന്നു.

- **ദേശീയ സഹകരണ വികസന കേർപ്പറേഷൻ (എൻ.സി.ഡി.സി) ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യ വികസന പദ്ധതി (ഐ.എഫ്.ഡി.പി)**

മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു. മത്സ്യബന്ധന ഉപകരണ വായ്പാ പദ്ധതി, പലിശ രഹിത വായ്പാ പദ്ധതിയായിട്ടാണ് 2018-19 വർഷം മുതൽ നടപ്പിലാക്കി വരുന്നത്.

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്ത് പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി വികസന ക്ഷേമ സഹകരണ സംഘങ്ങളിൽ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾ പിടിച്ച് കൊണ്ടുവരുന്ന മത്സ്യത്തിനന് ന്യായ വില ഉറപ്പാക്കുവാൻ സംഘങ്ങൾ തീരദേശ ലേലം നടപ്പിലാക്കിവരുന്നു. മത്സ്യലേലം ശക്തിപ്പെടുത്തുന്നതിനും കൂടുതൽ ഗ്രൂപ്പുകളെ തീരദേശ ലേല സമ്പ്രദായത്തിൽ കൊണ്ടുവരുന്നതിനുമായി ഐ.എഫ്.ഡി.പി പദ്ധതിയിൽ സംഘങ്ങൾക്ക് പ്രവർത്തന മൂലധന വായ്പ നൽകിവരുന്നു.

- **ദേശീയ പിന്നോക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷൻ(എൻ.ബി.സി.എഫ്.ഡി.സി) / ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷൻ(എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള വായ്പ പദ്ധതികൾ**

a. **ടേം വായ്പകൾ**

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ നൽകി വരുന്നു.. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള വായ്പ പലിശരഹിതമായി 3 വർഷ കാലാവധിയിൽ നൽകുന്നു. സ്വയംതൊ

ഴിൽ സംരംഭങ്ങൾക്ക് നൽകുന്ന വായ്പ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം കാലാവധിയിൽ വിതരണം ചെയ്തു വരുന്നു.

**b. മൈക്രോഫിനാൻസ് വായ്പ**

പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിക്കപ്പെട്ടിട്ടുള്ള സ്വയം സഹായ സംഘങ്ങൾക്ക് എൻ.ബി.സി.എഫ്.ഡി.സി- യുടെയും എൻ.എം.ഡി.എഫ്.സി.- യുടെയും ധന സഹായത്തോടെ മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഒരാൾക്ക് പരമാവധി 60,000/- രൂപ വരെ 5% പലിശനിരക്കിൽ 2 വർഷത്തെ തിരിച്ചടവ് കാലാവധിയിൽ നൽകുന്നു.

**C. മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശ രഹിത വായ്പാ പദ്ധതി**

ഈ പദ്ധതി വഴി മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 10000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് തുടർവായ്പയായി 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാക്കുന്നു. വായ്പയുടെ പലിശ തുക സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു നൽകുന്നു. പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

- **ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം (LDRS)**

മത്സ്യഫെഡ് മൈക്രോഫിനാൻസ്, മത്സ്യ വിപണന വനിതകൾക്കുള്ള പലിശ രഹിത വായ്പ (ഐ.എഫ്.എൽ) എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കിക്കൊടുക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പ എടുക്കുന്ന ഗുണഭോക്താക്കൾ വായ്പാ തുകയുടെ 0.35% തുക (മിനിമം 100/- രൂപ) വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുകയോ മാരകമായ രോഗത്തിന് അടിമപ്പെടുകയോ ചെയ്ത ഗുണഭോക്താക്കളുടെ ബാക്കി നിൽക്കുന്ന വായ്പാ തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്.

- **വലകൾക്കുള്ള സബ്സിഡി പദ്ധതി**

10 എച്ച്.പി- യിൽ താഴെയുള്ള എഞ്ചിനുകൾ ഉപയോഗിച്ചുള്ള മത്സ്യബന്ധന യൂണിറ്റുകൾക്ക് വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിയ്ക്ക് വലയുടെ വിലയുടെ 25% പരമാവധി 10,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

- **നാടൻ വള്ളങ്ങളുടെ നവീകരണം**

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം എഞ്ചിന്റെ വിലയുടെ 20% പരമാവധി 30,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

- **മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി**

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം, എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് വേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

- **മത്സ്യത്തൊഴിലാളികൾക്കുള്ള കിസാൻ ക്രെഡിറ്റ് കാർഡ് (KCC)**

മത്സ്യത്തൊഴിലാളികൾക്ക് കിസാൻ ക്രെഡിറ്റ് കാർഡ് പദ്ധതി വഴി വായ്പ ലഭിക്കുന്നതിന് വിവിധ ബാങ്കുകളിൽ മത്സ്യത്തൊഴിലാളികൾ അപേക്ഷകൾ സമർപ്പിക്കുകയും ബാങ്കുകൾ കെ.സി.സി വായ്പ വിതരണം ചെയ്യുകയും ചെയ്യുന്നുണ്ട്.

- **ബ്ലൂ റവല്യൂഷൻ / പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതി (PMMSY)**

ബ്ലൂ റവല്യൂഷൻ പദ്ധതിയിൽ 200 മറൈൻ പ്ലൈവുഡ് വള്ളങ്ങൾക്ക് പകരം ഫൈബർ ഗ്ലാസ്സ് വള്ളങ്ങൾ നൽകുന്നതിന് 4 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതി നടപ്പിലാക്കി. പ്രധാനമന്ത്രി മത്സ്യസമ്പദാ യോജന പദ്ധതിയിൽ 100 ഗ്രൂപ്പുകൾക്ക് വള്ളം, വല, എഞ്ചിൻ എന്നിവയ്ക്കായി 5 ലക്ഷം രൂപ വീതം നൽകുന്നതിനുള്ള 5 കോടി രൂപ അടങ്കൽ തുകയ്ക്കുള്ള പദ്ധതി 60% വായ്പയോടും 40% സബ്സിഡിയോടും കൂടി നടപ്പിലാക്കുന്നതിനുള്ള അനുമതി സർക്കാരിൽ നിന്നും ലഭിച്ചിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിലാക്കി വരുന്നു.

- **മത്സ്യത്തൊഴിലാളികൾക്കുള്ള മണ്ണെണ്ണ സബ്സിഡി**

മത്സ്യഫെഡിന്റെ മണ്ണെണ്ണ ബങ്കുകൾ വഴി മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനത്തിനുള്ള മണ്ണെണ്ണ വിതരണം ചെയ്യുന്നു. ലിറ്ററിന് 25/- രൂപ നിരക്കിൽ മണ്ണെണ്ണയ്ക്ക് സബ്സിഡി നൽകുന്നു. സർക്കാർ ബഡ്ജറ്റിൽ വകയിരുത്തി ഈ തുക തൊഴിലാളികൾക്ക് നൽകുന്നു. 45.00 കോടി രൂപ പ്രതിവർഷം ഇതിനായി ബഡ്ജറ്റിൽ വകയിരുത്തുന്നുണ്ട്. 14000 മത്സ്യത്തൊഴിലാളികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കുന്നു.

- **മത്സ്യത്തൊഴിലാളി ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി**

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിലെ അംഗങ്ങൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷുറൻസ് കമ്പനികളുമായി സഹകരിച്ച് മത്സ്യത്തൊഴിലാളി ഗ്രൂപ്പ് വ്യക്തിഗത അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. 2022-23 വർഷം ദ ഓറിയന്റൽ ഇൻഷുറൻസ് കമ്പനി മുഖേനയാണ് ടി പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളികൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. മത്സ്യത്തൊഴിലാളി വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി പദ്ധതി പ്രകാരം അപകട മരണത്തിന് **10 ലക്ഷം രൂപയും** (പത്ത് ലക്ഷം രൂപ), മരണാനന്തര ചടങ്ങുകൾക്കായി **2500/- രൂപയും** (രണ്ടായിരത്തി അഞ്ഞൂറ് രൂപ), മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസഹായമായി പരമാവധി **10000/- രൂപ** (പതിനായിരം രൂപ) (ഒരാളിന് അയ്യായിരം രൂപവീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർക്ക് അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അംഗവൈകല്യത്തിന്റെ തോതനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

- **മത്സ്യത്തൊഴിലാളി ക്ഷേമനിധി**

മത്സ്യബന്ധനത്തിനിടയിൽ ഹൃദ്രോഗം, മസ്തിഷ്ക്കാഘാതം, ഉയർന്ന രക്തസമ്മർദ്ദം എന്നിവമൂലം മരണം സംഭവിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ആശ്രിതർക്കും, മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽപ്പെട്ട അംഗങ്ങളുടെ കുട്ടികളുടെയും, ആശ്രിതരുടെയും മാരക രോഗങ്ങളുടെയും ചികിത്സക്കായും, പ്രകൃതി ദുരന്തം മൂലം കഷ്ടത അനുഭവിക്കുന്നവരെ സഹായിക്കുന്നതിനായും "മത്സ്യത്തൊഴിലാളി

ക്ഷേമനിധി" എന്ന ശീർഷകത്തിൽ ലാഭവിഹിതത്തിന്റെ തോതനുസരിച്ച് മാനദണ്ഡങ്ങൾക്ക് അനുസൃത മായി ധനസഹായം നൽകിവരുന്നു.

## 4. സാഫ്

ഈ സർക്കാർ അധികാരമേറ്റശേഷം സാഫ് മുഖേന നടപ്പിലാക്കുന്നതിനായി അനുവദിച്ചതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വനിതകളുടെ സാമൂഹ്യസുരക്ഷയും ക്ഷേമവും ഉറപ്പാക്കുന്നതിന് സാഫ് വിവിധ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പിലാക്കി വരുന്നു. മത്സ്യത്തൊഴിലാളി സ്ത്രീകളെ സാഫിന്റെ പ്രവർത്തകഗ്രൂപ്പുകളാക്കി ബദൽ ജീവനോപാധി മേഖലയിൽ സൂക്ഷ്മസംരംഭങ്ങൾ ആരംഭിക്കുന്നതിനാവശ്യമായ സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ സാഫ് ചെയ്തുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർവിമെൻ (സാഫ്) മുഖേന നടപ്പിലാക്കിയ പദ്ധതികൾ താഴെ ചേർക്കുന്നു.

1) Development of Micro Enterprises (DME)
2) JLG Project for Ensuring Livelihood Security of Fisherwomen in Kerala
3) Theeramythri Seafood Restaurant
4) Hygienic Refrigerated mobile Fish vending KIOSKS
5) Theeramaveli Project
6) Suchithwasagaram Project
7) Model Peeling Shed unit in Alappuzha district
8) Gender Equality & Women Empowerment Policy
9) Snehatheeram Project

### 1) ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം (Development of Micro Enterprises)

മത്സ്യത്തൊഴിലാളി വനിതകളെ സാഫിന്റെ പ്രവർത്തകഗ്രൂപ്പുകളാക്കി ബദൽ ജീവനോപാധി മേഖലയിൽ ചെറുകിട തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള സാമ്പത്തിക, സാങ്കേതിക സഹായങ്ങൾ സാഫ് ചെയ്തുവരുന്നു. 2 മുതൽ 5 വരെ പേരടങ്ങുന്ന മത്സ്യത്തൊഴിലാളി വനിതകളുടെ ഒരു ഗ്രൂപ്പിന് പരമാവധി 5 ലക്ഷം രൂപ വരെ (ഒരംഗത്തിന് ഒ□ ലക്ഷം) ഗ്രാന്റായി നൽ□ന്നു. പദ്ധതിയുടെ 75% ഗ്രാന്റും 20 ശതമാനം ബാങ്ക് ലോണും 5 ശതമാനം ഗുണഭോക്തൃവിഹിതവുമാണ്. സംരംഭം ആരംഭിക്കുന്നതിന് കേരള ബാങ്ക് മുഖേന ലോൺ ലഭ്യമാക്കുന്നു. 2021-22 വർഷത്തിൽ സാഫ് യൂണിറ്റുകളുടെ വിറ്റുവരവ് 84 കോടി രൂപയാണ്. 2022 23 വർഷത്തിൽ 800 മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 200 ഓളം യൂണിറ്റുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു വരുന്നു.

**ചെറുകിട തൊഴിൽ സംരംഭങ്ങളുടെ വികസനം പദ്ധതി ഘടകങ്ങളും പ്രധാന നേട്ടങ്ങളും**

| നം. | പദ്ധതികൾ | ഗ്രൂപ്പുകളുടെ എണ്ണം | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക (ലക്ഷത്തിൽ) |
|---|---|---|---|---|
| 1 | ചെറുകിട തൊഴിൽ സംരംഭങ്ങൾ | 410 | 1155 | 957.44 |
| 2 | പലിശ രഹിത വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് | 545 | 1824 | 231.65 |
| 3 | സാങ്കേതികവിദ്യാ നവീകരണം | 81 | 232 | 25 |
| 4 | കപ്പാസിറ്റി ബിൽഡിംഗ് പരിശീലനങ്ങൾ | 876 | 2633 | 39.96 |
| 5 | പലിശ സബ്സിഡി | 230 | 683 | 10.00 |

**സാഫ് യൂണിറ്റുകളുടെ സുസ്ഥിര നിലനിൽപ്പിനായി ഉൾപ്പെടുത്തിയിരിക്കുന്ന ഘടകങ്ങൾ**

**a) കപ്പാസിറ്റി ബിൽഡിങ് ട്രെയിനിംഗ് പ്രോഗ്രാമുകൾ (Capacity Building Programme)**

മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് മുമ്പായി അതിന് അവരെ പ്രാപ്തരാക്കുന്നതിന് വിവിധ തരത്തിലുള്ള പരിശീലനങ്ങൾ നൽകിവരുന്നു. അച്ചീവ്മെന്റ് മോട്ടിവേഷൻ ട്രെയ്നിംഗ്, മാനേജ്മെന്റ് ട്രെയ്നിംഗ്, ബുക്ക്കീപ്പിംങ് & അക്കൗണ്ടിങ് ട്രെയ്നിംഗ് തുടങ്ങിയവ ഇതിൽപ്പെടുന്നു. സംരംഭം നല്ല രീതിയിൽ മുന്നോട്ട് കൊണ്ട് പോകുന്നതിനാവശ്യമായ സ്കിൽ ട്രെയിനിങ്ങുകൾ നൽ□□. പുതിയ സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള സ്കിൽ അപ്ഗ്രേഡേഷൻ ട്രെയ്നിങ്ങുകൾ ആവശ്യമുള്ള ഗ്രൂപ്പുകൾക്ക് നൽകുന്നു.

**b) പലിശ രഹിത ചാക്രീകമൂലധന സഹായം (Interest free Working Capital Revolving Fund)–**

സാഫ് പദ്ധതിയിലൂടെ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് പ്രവർത്തന മൂലധനം വർദ്ധിപ്പി□ന്നതിനായി വർക്കിംഗ് ക്യാപിറ്റൽ റിവോൾവിംഗ് ഫണ്ട് അനുവദി□□. ഗ്രൂപ്പുകളുടെ തിരിച്ചടവിന്റെ ശേഷിയും ശരാശരി വിറ്റുവരവും കണക്കിലെടുത്ത് ഗ്രൂപ്പുകൾക്ക് 25,000 രൂപ മുതൽ ഒരു ലക്ഷം രൂപ വരെയും സൂപ്പർമാർക്കറ്റുകൾ, കമ്മ□ണിറ്റി പ്രൊവിഷൻ സ്റ്റോറുകൾ, സീ ഫുഡ് റെസ്റ്റോറന്റുകൾ എന്നിവ□ 1.50 ലക്ഷം രൂപ വരെയും പലിശരഹിതവായ്പയായി നൽകുന്നു. പഞ്ചായത്തുകൾതോറും രൂപീകരിച്ചിട്ടുള്ള തീരമൈത്രി മാനേജ്മെന്റ് കൗൺസിലുകൾ മുഖേന ടി യൂണിറ്റുകളുടെ തിരിച്ചടവ് ഉറപ്പുവരുത്തുന്നു.

**c) സാങ്കേതികവിദ്യാ നവീകരണ പദ്ധതി (Technology Improvement)**

തീരമൈത്രി പദ്ധതിയുടെ കീഴിൽ പ്രവർത്തിക്കുന്ന ഗ്രൂപ്പുകൾക്ക് അവരുടെ സാങ്കേതികവിദ്യാ നവീകരണത്തിനും തേയ്മാനം സംഭവിച്ച യന്ത്രഭാഗങ്ങൾ മാറ്റുന്നതിനും പുതിയവ കൂട്ടി

ചേർക്കുന്നതിനുമായി ധനസഹായം നൽകുന്ന ഒരു ഘടകമാണിത്. ഒരു ഗ്രൂപ്പിന് പരമാവധി 50000/- രൂപ വരെ തിരിച്ചടവില്ലാത്ത ഗ്രാന്റായി അനുവദി□□.

d) **യൂണിറ്റുകളെ ബിസിനസ്സ് ഗ്രൂപ്പുകളാക്കി ഉയർത്തൽ**

ആക്ടിവിറ്റി ഗ്രൂപ്പുകളെ ബിസിനസ്സ് ഗ്രൂപ്പുകളായി ഉയർത്തുന്നതിന്റെ ഭാഗമായി ഗ്രൂപ്പുകൾക്ക് ബാങ്കിൽ നിന്നും 5 ലക്ഷം രൂപ വരെ ലോൺ വാങ്ങുന്നതിനായി സാഹചര്യമൊരുക്കുന്നു. ഇങ്ങനെ ലോണായി വാങ്ങുന്ന സംഖ്യയക്ക് 5 % നിരക്കിൽ പലിശ സബ്സിഡി അനുവദിക്കുന്നു. വകയിരുത്തിയിട്ടുണ്ട്.

e) **ബ്രാന്റിംഗ് & മാർക്കറ്റിങ്ങ്**

സാഫ് ഉത്പന്നങ്ങളുടെ മാർക്കറ്റിംഗിന് വേണ്ടി സാഫ് പ്രത്യേക ശ്രദ്ധ കൊടുക്കുന്നുണ്ട്. യൂണീറ്റുകളുടെ ഉത്പന്നങ്ങൾ വിറ്റഴിക്കുന്നതിനു വേണ്ടി മേളകളിലും എക്സിബിഷനുകളിലും യൂണീറ്റുകളെ പങ്കെടുപ്പിക്കുന്നു. പ്രധാനപ്പെട്ട ആഘോഷങ്ങളുടെ സമയങ്ങളിൽ ഓരോ ജില്ലയിലും നോഡൽ ഓഫീസർമാരുടെ മേൽനോട്ടത്തിൽ മേളകൾ സംഘടിപ്പിച്ചു. കൂടാതെ മറ്റു സ്ഥാപനങ്ങൾ നടത്തുന്ന മേളകളിലും എക്സിബിഷനുകളിലും സാഫ് ആക്ടിവിറ്റി ഗ്രൂപ്പുകളുടെ സജീവ സാന്നിദ്ധ്യം ഉണ്ടായിട്ടുണ്ട്. ഇതിലൂടെ സാഫ് ഉൽപ്പന്നങ്ങൾക്ക് നല്ല വിപണി കണ്ടെത്തുവാൻ കഴിയുന്നുണ്ട്. 2021 – 22 വർഷത്തിൽ കേരള സർക്കാരിന്റെ ഒന്നാംവാർഷികത്തോടനുബന്ധിച്ച് നടന്ന എന്റെ കേരളം പ്രദർശന വിപണന മേള, കേരള ഒളിമ്പിക് എക്സ്പോ, സഹകരണ എക്സ്പോ, ആസാദി കാ അമൃത് മഹോത്സവം, ഓണം മേള, ആരോഗ്യ മേള, മത്സ്യോത്സവം, വൈക്കത്തഷ്ടമി എന്നീ പ്രധാന മേളകളിൽ പങ്കെടുത്തു. ടി മേളകളിൽ 32 കൊമേഴ്സ്യൽ സ്റ്റാളുകളിലും 21 ഫുഡ് കോർട്ടുകളിലും ആയി 45.98 ലക്ഷം രൂപയുടെ വിറ്റ്വരവ് ഉണ്ടായിട്ടുണ്ട്.

f) **സോളിഡാരിറ്റി ഫണ്ട്**

കോവിഡിനുശേഷം ചെറുകിട സംരംഭങ്ങളുടെ ബിസിനസ്സ് മെച്ചപ്പെടുത്തുന്നതിനായി Technology Improvement, Shift to Appropriate Business എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തി സോളിഡാരിറ്റി ഫണ്ട് അനുവദി□□. ഗ്രൂപ്പുകൾക്ക് അവരുടെ സാങ്കേതികവിദ്യാ നവീകരണത്തിനും തേയ്മാനം സംഭവിച്ച യന്ത്രഭാഗങ്ങൾ മാറ്റുന്നതിനും പുതിയവ കൂട്ടി ചേർക്കുന്നതിനുമായി Technology Improvement ധനസഹായവും നിലവിൽ ലാഭകരമല്ലാതെ പ്രവർത്തി□ന്ന സംരംഭത്തിൽ നിന്ന് മറ്റൊരു സംരംഭത്തിലേക്ക് മാറുന്നതിന് Shift to Appropriate Business ധനസഹായവും നൽ□□. ഒരു ഗ്രൂപ്പിന് പരമാവധി 50000/- രൂപ വരെ തിരിച്ചടവില്ലാത്ത ഗ്രാന്റായി നൽകുന്നു. സ്ഥിരമൂലധനത്തിന്റെ 75 ശതമാനം ഗ്രാന്റായും 25 ശതമാനം ബാങ്ക് ലോണോ ഗുണഭോക്തൃവിഹിതമായോ ആയിരിക്കും. 2022-23 വർഷത്തിൽ 200 യൂണീറ്റുകളെ കണ്ടെത്തി ധനസഹായം നൽകുന്നതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

**g) കമ്മ്യൂണിറ്റി വെൽനസ്സ് ഇന്റർവെൻഷൻസ്**

സാഫ് നടപ്പിലാക്കുന്ന ജീവനോപാധി പദ്ധതിയുടെ ഭാഗമായി തീരദേശജില്ലകളിലെ സാഫിന്റെ മത്സ്യത്തൊഴിലാളി വനിതാ ഗുണഭോക്താക്കൾക്കായി Mental Health സേവനങ്ങൾ നൽകുന്നു. സാഫിന്റെ ഗുണഭോക്താക്കൾക്കിടയിൽ നടത്തിയ കൂടിക്കാഴ്ച്ചകളുടെയും സർവ്വെകളിലൂടെയും തീരദേശ ജനതയുടെ ഉപജീവന മാർഗ്ഗത്തേയും മാനസിക ആരോഗ്യത്തേയും പ്രകൃതിക്ഷോഭങ്ങൾ, മഹാമാരി എന്നീ സാഹചര്യങ്ങൾ പ്രതികൂലമായി ബാധിക്കുന്നുണ്ടെന്നതിന്റെ അടിസ്ഥാനത്തിൽ Mental Wellness Clinic, Medical Camp മാരകരോഗങ്ങൾ‍ക്കുള്ള ചികിത്സ എന്നിവ നടപ്പിലാക്കി വരുന്നു. 2022-23 വർഷത്തിൽ Community Wellness Interventions എന്ന ഘടകത്തിനായി 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## 2. JLG project for Ensuring Livelihood Security of Fisherwomen in Kerala

മത്സ്യമേഖലയിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്ക് അവരുടെ തൊഴിൽ മുന്നോട്ട് കൊണ്ടു പോകുന്നതിന് ആവശ്യമായ മൂലധനത്തിനായി സ്വകാര്യ ധനമിടപാടുകാരെയും കൊള്ളപ്പലിശക്കാരെയും ചൂഷണത്തിൽ നിന്നും മുക്തരാക്കുക എന്ന ഉദ്ദേശത്തോടെ സാഫ് മുഖേന JLG project for Ensuring Livelihood Security of Fisherwomen in Kerala പദ്ധതി നടപ്പിലാക്കി. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശ്ശൂർ, കാസർഗോഡ് എന്നീ ജില്ലകളിലായി തലച്ചുമടായി മത്സ്യം വിൽക്കുന്നവരും പീലിങ്, മത്സ്യ അനുബന്ധ മേഖലയിൽ തൊഴിൽ ചെയ്യുന്നവരുമായ മത്സ്യത്തൊഴിലാളി വനിതകളെ ഉൾപ്പെടുത്തി 5 പേരടങ്ങുന്ന ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകളാണ് ആരംഭിച്ചു. ഗ്രൂപ്പംഗങ്ങൾക്ക് പ്രവർത്തനമൂലധനമായി ഒരംഗത്തിന് 10000/-രൂപ വീതം ഒരു ഗ്രൂപ്പിന് 50000/- രൂപ പലിശരഹിത റിവോൾവിംഗ് ഫണ്ടായി നൽകുന്നു.

റിവോൾവിംഗ് ഫണ്ട് 100 ശതമാനം തിരിച്ചടവോടെ വിജയകരമായി നടപ്പിലാക്കിവരുന്നു. തിരിച്ചടവ് പൂർത്തിയാക്കുന്ന മുറയ്ക്ക് തുക വീണ്ടും ലഭിക്കും എന്നതിനാൽ പ്രവർത്തനമൂലധനത്തിന്റെ ലഭ്യത നീണ്ടകാലത്തേയ്ക്ക് ഉറപ്പു വരുത്തുവാൻ സാധിക്കും. ഈ പദ്ധതിയിലൂടെ 950 JLG കളിലായി 475 ലക്ഷം രൂപ റിവോൾവ് ചെയ്യുന്നു. 2021 – 22 വർഷത്തിൽ 2000 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങിയ 400 ജെഎൽജി യൂണിറ്റുകൾക്ക് 200 ലക്ഷം രൂപ റിവോൾവിംഗ് ഫണ്ട് അനുവദിച്ചു. ഇതിന്റെ തുടർച്ചയായി 2022 – 23 വർഷത്തിൽ 500 മത്സ്യത്തൊഴിലാളി വനിതകൾ അടങ്ങിയ 100 ജെഎൽജി യൂണിറ്റുകൾക്ക് 50 ലക്ഷം രൂപ അനുവദിക്കുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചു.

## 3. തീരമൈത്രി സീഫുഡ് റസ്റ്റോറന്റ്

230 മത്സ്യത്തൊഴിലാളി വനിതകളെ ഉൾക്കൊള്ളിച്ചു കൊണ്ട് 9 തീരദേശ ജില്ലകളിലായി ഗുണമേന്മയുള്ളതും ആരോഗ്യകരവുമായ കടൽ മത്സ്യവിഭവങ്ങൾ തനത് രുചിയോടെ തയ്യാർ

ചെയ്യുന്നതിനായി 46 തീരമൈത്രി സീഫുഡ് റസ്റ്റോറന്റുകൾ ആരംഭിച്ചു. 5 പേരടങ്ങുന്ന ഒരു Seafood Restaurant രൂപീകരിക്കുന്നതിനായി 5 ലക്ഷംരൂപ (പദ്ധതിയുടെ 75%) വരെ ഗ്രാൻറ് അനുവദിച്ചിട്ടുണ്ട്.

4. **ഹൈജീനിക് റഫ്രിജറേറ്റഡ് മൊബൈൽ ഫിഷ്വെന്റിംഗ് കിയോസ്ക്**

മത്സ്യവിൽപ്പനയിൽ ഏർപ്പെട്ടിരിക്കുന്ന മത്സ്യത്തൊഴിലാളി വനിതകൾക്കായി കൊച്ചിൻ ഷിപ്പിയാർഡ് ലിമിറ്റഡിന്റെ CSR ഫണ്ട് ഉപയോഗിച്ച് CIFT രൂപകൽന ചെയ്ത 26 ഹൈജീനിക് റെഫ്രിജറേറ്റഡ് മൊബൈൽ ഫിഷ്വെന്റിങ് കിയോസ്കുകൾ സാഫിന്റെ ഗുണഭോക്തൃ ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നു. ഈ പദ്ധതിയിൽ ഒരു കിയോസ്ക്ക് ലഭിക്കുന്നതിനായി 11900 രൂപയാണ് ഗുണഭോക്തൃ വിഹിതമായി നൽകേണ്ടത്. 43 മത്സ്യത്തൊഴിലാളി വനിതകൾക്കായി 20 കിയോസ്ക്കുകൾ വിതരണം ചെയ്തിട്ടുണ്ട്. ബാക്കി 6 കിയോസ്ക്കുകൾ വിതരണം ചെയ്യുന്നതിനായി സജ്ജമാക്കി വരുന്നു.

5. **തീരമാവേലി**

സപ്ലൈകോ വഴി 14 മാവേലി ഇനത്തിൽപ്പെട്ട സബ്സിഡി സാധനങ്ങളും, എഫ്.എസ്.എസ്.ആർ, ശബരി സാധനങ്ങളും സംസ്ഥാനത്ത് തീരമൈത്രി പദ്ധതിയിൽ പ്രവർത്തിച്ച് വരുന്ന 10 സൂപ്പർമാർക്കറ്റുകൾ വഴിയും 5 കമ്മ്യൂണിറ്റി പ്രൊവിഷൻ സ്റ്റോർ വഴിയും തീരദേശജനതയ്ക്ക് ലഭ്യമാക്കുന്നു. 20000 ത്തിൽ പരം തീരദേശ കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിച്ചുവരുന്നു. 2021 – 22 ൽ തീരമാവേലി യൂണിറ്റുകളുടെ വിറ്റുവരവ് 730.23 ലക്ഷം രൂപയാണ്.

6. **ശുചിത്വ സാഗരം സുന്ദര തീരം പദ്ധതി.**

കടലും കടലോരവും പ്ലാസ്റ്റിക് വിമുക്തമാക്കി സ്വാഭാവിക ആവാസ വ്യവസ്ഥ വീണ്ടെടുക്കുന്നതിന് മത്സ്യത്തൊഴിലാളികൾ, ബോട്ടുടമകൾ, മറ്റ് സന്നദ്ധ സംഘടനകൾ, രാഷ്ട്രീയ പ്രസ്ഥാനങ്ങൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ എന്നിവയുടെ സഹകരണത്തോടെ നടപ്പിലാക്കിയ "ശുചിത്വ സാഗരം സുന്ദര തീരം" തീവ്രയജ്ഞ പരിപാടിയിൽ സാഫ് പങ്കാളിയായി സാധ്യമായ എല്ലാ മാർഗ്ഗങ്ങളും ഉപയോഗിച്ചുള്ള ബോധവൽക്കരണം, പ്ലാസ്റ്റിക്ക് മാലിന്യ ശേഖരണവും അതിന്റെ പുനരുപയോഗവും, തുടർ ക്യാമ്പയിൻ എന്നിങ്ങനെ മൂന്ന് ഘട്ടങ്ങളായാണ് ഈ പരിപാടി സംഘടിപ്പിക്കുന്നത്. ഇതിന്റെ ഭാഗമായി ഒന്നാംഘട്ടത്തിൽ Cycle/vehicle rally, beachside walk, banners/hoardings, flash mob, road show എന്നിവയും തീരോന്നതി ബോധവത്ക്കരണ പരിപാടി, സെമിനാറുകൾ എന്നിവയും തീരദേശ ജില്ലകളിൽ സംഘടിപ്പിച്ചു. ശുചിത്വ സാഗരം പദ്ധതിയുടെ ഭാഗമായി കടലിൽ നിന്നും ശേഖരിച്ച് കൊണ്ടുവരുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ തരംതിരിച്ച് Shredding machine ൽ നൽകുന്നതിനായി സാഫിന്റെ 15 മത്സ്യത്തൊഴിലാളി വനിതകൾ വോളണ്ടിയർമാരായി പ്രവർത്തിച്ചുവരുന്നു.

Scanned with CamScanner

രണ്ടാംഘട്ടത്തിൽ കടൽതീരത്തെ പ്ലാസ്റ്റിക് നിർമ്മാർജ്ജനവും മൂന്നാം ഘട്ടത്തിൽ സംസ്ഥാനത്തെ മറ്റു 20 ഹാർബറുകളിലേയ്ക്കും കൂടി വ്യാപിപ്പിച്ച് സമുദ്രാടിത്തട്ടിൽ അടിഞ്ഞ് കൂടുന്ന പ്ലാസ്റ്റിക്ക് മാലിന്യങ്ങൾ സ്ഥിരമായി ശേഖരിച്ച് നിർമ്മാർജ്ജനം ചെയ്യുന്നതിന് ശുചിത്വ സാഗരം പദ്ധതി ലക്ഷ്യമിടുന്നു.

## 7. Model Peeling Unit in Alappuzha District

ആലപ്പുഴ ജില്ലയിലെ അരൂർ പഞ്ചായത്തിൽ ഒരു Model Peeling Unit ആരംഭിക്കുന്നതിനുള്ള 31 ലക്ഷം രൂപയുടെ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിൽ പദ്ധതിയുടെ സ്റ്റേറ്റ് ഷെയർ 27 ലക്ഷം ്രൂപയാണ്. ഇതിൽ Peeling shed-ന്റെ setting up നായി 12 ലക്ഷം രൂപയും Modular cold storage നായി 1.75 ലക്ഷം രൂപയും waste treatment നായി 1.25 ലക്ഷം രൂപയും Solar Energy Source-നായി 10 ലക്ഷം രൂപയും കപ്പാസിറ്റി ബിൽഡിംഗ് ട്രെയിനിംഗ് & അഡ്മിനിസ്ട്രേറ്റ് എക്സ്പെൻസിനായി 2 ലക്ഷം രൂപയുമാണ് വകയിരുത്തിയിരിക്കുന്നത്.

Peeling മേഖലയിൽ തൊഴിൽ ചെയ്തു വരുന്ന 12 മത്സ്യത്തൊഴിലാളി വനിതകൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യവും വരുമാനവും ഉറപ്പുവരുത്തുന്നതിനായി Model Peeling Unit പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നു. യൂണീറ്റിന്റെ രൂപീകരികണത്തിനായി 75 % ഗ്രാന്റും (12 ലക്ഷം), 20 % ബാങ്ക് ലോണും (3.2 ലക്ഷം), 5% ഗുണഭോക്തൃവിഹിതവും (0.8 ലക്ഷം) ആയിരിക്കും. 1500 സ്ക്വയർ ഫീറ്റിലുള്ള Model Peeling Unit ആണ് പദ്ധതി പ്രകാരം ആരംഭിക്കുക. യൂണീറ്റിന് ആവശ്യമായ നൂതന ശീതീകരണ സംവിധാനവും, സ്റ്റോറേജ് ഫെസിലിറ്റിയും ഒരുക്കുന്നു. പദ്ധതി പ്രകാരം മെച്ചപ്പെട്ട വിപണന സാധ്യതകളും ഗുണഭോക്താക്കളുടെ ആരോഗ്യപരിരക്ഷയും (Health & Hygiene) ഉറപ്പു വരുത്തുന്നു.

## 8. Gender Equality & Women Empowerment Policy - Digital Media & Marketing

Gender Equality & Women Empowerment Policy ശീർഷകത്തിൽ ഉൾപ്പെടുത്തി "Bridging the digital divide – include, up-skill & innovate" പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളി കുടുംബങ്ങളിൽ നിന്നും തിരഞ്ഞെടുത്ത ബിരുദധാരികളായ 30 യുവതികൾക്ക് ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള ASAP (Additional Skill Acquisition Programme Kerala) മുഖേന Digital Media & Marketing ൽ 3 മാസത്തെ Online Course നൽകുന്നു. കോഴ്സ് പൂർത്തിയാക്കുന്നവർക്ക് 6 മാസം സാഫ് യൂണീറ്റിന്റെ Online Marketing & sales ൽ സൗജന്യ പ്രായോഗിക പരിശീലനം നൽകുന്നു. പരിശീലന കാലയളവിൽ ആവശ്യമായ സാങ്കേതിക സൗകര്യങ്ങൾ (Tablet) പഠിതാക്കൾക്ക് നൽകുന്നു. കൂടാതെ പരിശീലനം വിജയകരമായിപൂർത്തിയാക്കുന്നവർക്ക് സർട്ടിഫിക്കറ്റും നൽകുന്നു. സാഫിന്റെ ഉൽപ്പന്നങ്ങൾക്ക് മാർക്കറ്റ് കത്തെുന്നതിനും Digital Media & Marketing രംഗത്തേക്ക് മത്സ്യത്തൊഴിലാളി വനിതകൾക്ക് തൊഴിൽ ലഭ്യമാ ക്കുന്നതിനും ഇതുവഴി സാധിക്കും.

9. **<u>സ്നേഹതീരം പദ്ധതി</u>**

തീരദേശ ജില്ലകളിലെയും ഉൾനാടൻ മത്സ്യബന്ധനം നടത്തുന്ന മേഖലകളിലെയും മത്സ്യത്തൊഴിലാളികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലോൺ അനുവദിച്ച് അവരെ സ്വകാര്യ പണമിടപാട് സ്ഥാപനങ്ങളുടെ ചൂഷണത്തിൽ നിന്ന് മോചിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ തീരദേശത്തെ മത്സ്യത്തൊഴിലാളികൾക്ക് വായ്പ നൽകുന്നതിന് സ്നേഹതീരം പദ്ധതി നടപ്പിലാക്കുന്നു. തീരദേശം പ്രവർത്തന പരിധിയിലുള്ള പ്രാഥമിക കാർഷിക വായ്പ സംഘങ്ങൾ സാഫുമായി ചേർന്ന് പദ്ധതി നടപ്പിലാക്കുന്നു. 2 മുതൽ 4 വരെ അംഗങ്ങൾ അടങ്ങിയ മൈക്രോ യൂണിറ്റുകൾ ആരംഭി□ം. ഒരു Co-operative society ൽ ന ിന്ന് പരമാവധി 10 ലക്ഷം രൂപ വരെ കുറഞ്ഞ പലിശ നിരക്കിൽ അനുവദിക്കുന്നു. യൂണിറ്റുകൾക്ക് ആവശ്യമെങ്കിൽ ടി തുക relent ആയി നൽകാവുന്നതാണ്. പദ്ധതിയുടെ വായ്പ തിരിച്ചടവ് ഉറപ്പു വരുത്തുന്നതിനായി monitoring committee രൂപീകരിക്കുന്നു.

**<u>കേരള ബാങ്ക് മുഖേനയുള്ള വായ്പ പദ്ധതി</u>**

Covid 19 പശ്ചാത്തലത്തിൽ സംരംഭം മുന്നോട്ട് കൊണ്ടുപോകുവാൻ സാമ്പത്തികമായി ബുദ്ധിമുട്ടുന്ന തീരമൈത്രി യൂണിറ്റുകൾക്ക് പ്രവർത്തിക്കാൻ വേണ്ട Working Capital Assistance നൽകുന്നതിനും അതുവഴി sustainability ഉറപ്പുവരുത്തുന്നതിനും ദീർഘകാല വായ്പ കേരള ബാങ്ക് മുഖേന ലഭ്യമാക്കി. Collateral security ഒന്നുംതന്നെ നൽകാതെ കുറഞ്ഞ പലിശ നിരക്കിലുള്ള ദീർഘ കാല വായ്പ ലഭ്യമാക്കുന്നത്. 3 വർഷതിരിച്ചടവ് കാലാവധിയിൽ 2 മുതൽ 5 വരെ അംഗങ്ങൾ ഉള്ള തീരമൈത്രി യൂണിറ്റുകൾക്ക് ഒരംഗത്തിനു 50000 രൂപ എന്ന കണക്കിൽ 2 ലക്ഷം രൂപ വരെ ലോൺ അനുവദിച്ചു. 2021 –22 വർഷത്തിൽ 139 തീരമൈത്രി യൂണീറ്റുകൾക്കായി 1.64 കോടി രൂപ കേരള ബാങ്കിൽ നിന്നും ദീർഘകാല വായ്പയായി അനുവദിച്ചിട്ടുണ്ട്.

**<u>ലഹരി വിമുക്ത പ്രചരണ പരിപാടി– ലഹരിമുക്ത കേരളം</u>**

തീരദേശ മേഖലയിൽ മത്സ്യത്തൊഴിലാളികളുടെയും യുവാക്കളുടെയും വിദ്യാർത്ഥികളുടെയും വർദ്ധിച്ചു വരുന്ന ലഹരി ഉപയോഗം കുറക്കുന്നതിനും തൻമൂലം ജീവിതത്തിൽ ഉണ്ടാകുന്ന ദുരന്തങ്ങളെക്കുറിച്ചുള്ള അവബോധം സൃഷ്ടിച്ച് ലഹരി വിമുക്തമാക്കി സമൂഹത്തിൻറെ മുഖ്യധാരയിലേക്ക് ഉയർത്തിക്കൊണ്ട് വരുന്നതിനുമായി സാഫിൻറെ നേതൃത്വത്തിൽ 16/10/2022 മുതൽ 24/10/2022 വരെ തീരദേശ മേഖലയിൽ ടി പരിപാടി നടപ്പിലാക്കി. കലാകായിക മത്സരങ്ങൾ, അവയർനെസ്സ് ക്ലാസ്സുകൾ, മാജിക് ഷോ, തീരദേശ നടത്തം, റോഡ് ഷോ, ചിത്രരചനാമത്സരം, ഫ്ളാഷ് മോബ്, ബ്രൗഷർ, നോട്ടീസ്, ലഘുരേഖ വിതരണം, ഫ്ളക്സ്, മൈക്ക് അനൗൺസ്മെൻറ്, ബാൻറ്/ശിങ്കാരിമേളം, വിളംബര ജാഥ, തെരുവ് നാടകം, ഫുഡ് ഫെസ്റ്റ്, അവബോധന ജാഥ, കൾച്ചറൽ പ്രോഗ്രാം, സൈക്കിൾ റാലി, മനുഷ്യചങ്ങല, ദീപം തെളിയിക്കൽ തുടങ്ങിയവ പരിപാടിയുടെ ഭാഗമായി സംഘടിപ്പിച്ചു. ഇതിലൂടെ ലഹരി വിരുദ്ധ സന്ദേശം തീരദേശ മേഖലയിലെ മുഴുവൻ ജനങ്ങളിലേക്കും എത്തിച്ച് ലഹരി വസ്തുക്കളുടെ ഉപയോഗത്തിനെതിരെ അവബോധം സൃഷ്ടിക്കുന്നതിന് സാധിച്ചു.

## 1. <u>ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ്</u>

ഈ സർക്കാർ അധികാരമേറ്റശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖേന നടപ്പിലാക്കുന്നതിനായി അനുവദിച്ചതും നടപ്പിലാക്കിവരുന്നതുമായ പദ്ധതികളുടെ നിലവിലെ സ്ഥിതി ചുവടെ ചേർക്കുന്നു.

**<u>നബാർഡ്</u>**

ഹാർബറുകളുടെ നവീകരണത്തിനും പരിപാലനത്തിനും NABARD RIDF XXVII (55.54 കോടി) ഉൾപ്പെടുത്തി 4 പ്രവൃത്തികൾക്ക് ഭരണാനുമതി ലഭിച്ചു. പ്രവൃത്തികൾ പല ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**<u>നബാർഡ് XXVII (55.54 കോടി)</u>**

1. താനൂർ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1390.76 ലക്ഷം)- പുരോഗമിക്കുന്നു,
2. ചെല്ലാനം മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1343 ലക്ഷം ) പുരോഗമിക്കുന്നു.
3. വെള്ളയിൽ മത്സ്യബന്ധന തുറമുഖത്തിലെ അടിസ്ഥാന സൗകര്യ വികസനം (1153 ലക്ഷം) പുരോഗമിക്കുന്നു.
4. വലിയഴീക്കൽ ഫിഷ് ലാന്റിംഗ് സെന്ററിന്റെ അടിസ്ഥാന വികസനം ( 1668 ലക്ഷം) പുരോഗമിക്കുന്നു.

<u>തീരദേശ റോഡുകൾ</u>

തീരദേശ റോഡുകളുടെ നിർമ്മാണത്തിനായി 2021-22 വർഷം ഭരണാനുമതി ലഭിച്ച 79.756 കോടി രൂപയുടെ 150 റോഡുകളിൽ 46 എണ്ണം പൂർത്തിയായി. 102 എണ്ണം പുരോഗമിക്കുന്നു. 2022-23 വർഷം 48.12 കോടി രൂപയുടെ 97 റോഡുകൾക്ക് ഭരണാനുമതി ലഭിച്ചിട്ടുണ്ട്.

<u>പുനർഗേഹം</u>

മത്സ്യത്തൊഴിലാളികളുടെ പുനരധിവാസത്തിനായി പുനർഗേഹം പദ്ധതിയിൽ ഉൾപ്പെടുത്തി പൊന്നാനി ഹൌസിംഗ് സ്കീം രണ്ടാംഘട്ടം (100 യൂണിറ്റ്) ഭരണാനുമതി നൽകി. ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ഏർപ്പാടാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു. ഉണ്ണ്യാൽ ഹൌസിംഗ് സ്കീം (16 യൂണിറ്റ്) പ്രവൃത്തി ആരംഭിച്ചിട്ടുണ്ട്. കാസർഗോഡ് ജില്ലയിലെ കോയിപ്പാടി ഹൌസിംഗ് സ്കീം (144 യൂണിറ്റ്) ന് ഭരണാനുമതി നൽകി. ദർഘാസ് ക്ഷണിച്ച് പ്രവൃത്തി ഏർപ്പാടാക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

<u>സംസ്ഥാന പദ്ധതികൾ</u>

സംസ്ഥാന പദ്ധതിയായ Capital repairs and maintenance Dredging of Fishing Harbour, Expansion and Major addition to Coastal Infrastructure എന്നീ ശീർഷകത്തിൽ ഉൾപ്പെടുത്തി 12 കോടി രൂപയുടെ വിവിധ പ്രവർത്തികൾ പല ഘട്ടങ്ങളിലായി പുരോഗമിക്കുന്നു.